

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.ഇ.കെ.എം(പി.9)/1274/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 04/10/2024
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.

3) കാര്യാലയ പകർപ്പ്.

നമ്പർ: തീയ്യതി: 04/10/2024
കെ.എസ്.എ.ഇ.കെ.എം(പി.9)/1274/24

എറണാകുളം ജില്ലയിലെ ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 12-08-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ഷേർളി പീറ്റർ	ഡെപ്യൂട്ടി ഡയറക്ടർ	05-08-2024	12-08-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
05-08-2024	12-08-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

റസിയ ബീവി ജെ (ഓഡിറ്റ് ഓഫീസർ ഹ.ഗ്രേഡ്)
ശ്രീജ ഉണ്ണിക്കൃഷ്ണൻ (ഓഡിറ്റ് ഓഫീസർ)
പുഷ്പ ആർ (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
കവിത എസ് കണ്ണൻ (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
സഫിയ എം (സീനിയർ ഗ്രേഡ് ഓഡിറ്റർ)

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ എം ആർ രാജേഷ്	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീമതി.സുനിത.വി	സെക്രട്ടറി	01-04-2023	17-03-2024
ശ്രീമതി.രശ്മി.പി.വി	സെക്രട്ടറി-ഇൻ-ചാർജ്ജ്	18-03-2024	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഐസക് ജോർജ്	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	09-05-2023
സന്തോഷ് വി കെ	അസിസ്റ്റന്റ് സെക്രട്ടറി	10-05-2023	31-05-2023
ഒഴിവ്	അസിസ്റ്റന്റ് സെക്രട്ടറി	01-06-2023	18-07-2023
രശ്മി പി വി	അസിസ്റ്റന്റ് സെക്രട്ടറി	19-07-2023	31-03-2024
മഞ്ചു റോഷ്നി കെ	കൃഷി ഓഫീസർ	01-04-2023	31-03-2024
അബ്രഹാം വി റാഫേൽ	വെറ്റിനറി സർജൻ	01-04-2023	31-03-2024
ഡോ സുധ സുബി നായർ	മെഡിക്കൽ ഓഫീസർ -പി എച്ച് സി	01-04-2023	31-03-2024
ഡോ ജൂബി ഫ്രാൻസിസ്	മെഡിക്കൽ ഓഫീസർ - ഹോമിയോ	01-04-2023	03-02-2024
ഡോ സജിത വി എസ്	മെഡിക്കൽ ഓഫീസർ - ഹോമിയോ	04-02-2024	31-03-2024
ശീതള എ	വി.ഇ.ഒ. കുരീക്കാട്	01-04-2023	10-07-2023
രാജേശ്വരി സി	വി ഇ ഒ കുരീക്കാട്	11-07-2023	31-03-2024
സൂര്യ രാജൻ	വി ഇ ഒ കണയന്നൂർ	01-04-2023	31-03-2024
രജിത എൻ ടി	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2023	31-03-2024
മോഹനൻ പി ടി	ഹെഡ്മാസ്റ്റർ	01-04-2023	31-03-2024
സിജിമോൾ ഇ ടി	അസി.എഞ്ചിനീയർ	01-04-2023	09-07-2023
ജിത ജെ ആർ	അസി.എഞ്ചിനീയർ	10-07-2023	31-03-2024
ഡോ.ജിസ് മോൾ.ജി	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2023	14-12-2023
ഡോ.ഡിജി.ടി.ഡി	മെഡിക്കൽ ഓഫീസർ, ആയുർവേദം	15-12-2023	31-12-2023
ഡോ.ജിസ് മോൾ.ജി	മെഡിക്കൽ ഓഫീസർ,	01-01-2024	31-03-2024

	ആയുർവേദം		
വിംസൺ.വി	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സാക്ഷ്യപത്രം	1-1
2	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റ് പ്രകാരമുള്ള തുകകൾ പൊരുത്തപ്പെടുന്നില്ല	1-1-1
3	അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.	1-1-2
4	തൊഴിലില്ലായ്മ വേതനം-കണക്കിൽ ഉൾപ്പെത്തിയില്ല	1-1-3
5	വരവ് തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി	1-1-4
6	ബജറ്റ്	1-2
7	സാമ്പത്തിക വിശകലനം	1-3
8	ഫണ്ട് വിനിയോഗം	1-4
9	പദ്ധതി അവലോകനം	1-5
10	തൊഴിലുറപ്പ് പദ്ധതി	1-6
11	ക്ഷേമ പദ്ധതികൾ	1-7
12	ക്യാഷ് ബാലൻസ് പരിശോധന	1-8
13	ആഭ്യന്തര നിയന്ത്രണം	1-9
14	മാലിന്യസംസ്ക്കരണം - ഹരിതകർമ്മസേനയിലൂടെ	1-10
15	ദുരിതാശ്വാസ നിധി	1-11
16	സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും കരാറുകാരുടെയും തൊഴിൽനികുതി ഈടാക്കിയിട്ടില്ല	1-12
17	സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല	1-13
18	ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു	1-14
19	ആംബുലൻസ് വാടക - അപാകതകൾ	1-15
20	കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽക്കൂട്ടിയില്ല	1-16
21	ക്രമീകരിക്കാത്ത മുൻകൂറുകൾ	1-17
22	സ്റ്റെയിൽ ചെക്ക് - ക്ലെയിം ചെയ്യപ്പെടാത്ത തുക തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുന്നില്ല	1-18
23	ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയ തുക തിരികെ ലഭ്യമാക്കി ക്രമീകരിച്ചിട്ടില്ല	1-19
24	കേരള ബാങ്ക് അക്കൗണ്ട്-പലിശ ലഭ്യമാകുന്നില്ല	1-20
25	ഇ-പേയ്മെന്റ്-വസ്തു നികുതിയിനത്തിൽ പഞ്ചായത്തിന് ലഭ്യമാകാനുള്ളത് 6.8 ലക്ഷം രൂപ	1-21
26	നെൽക്കൃഷി-പുരയിടകൃഷി വികസന പ്രോജക്ടുകൾ- സബ്സിഡി തുക ഗുണഭോക്താക്കൾക്ക് ലഭ്യമായില്ല	1-22
27	തരിശ് നെൽകൃഷി-ഗുണഭോക്തൃലിസ്റ്റിൽ പെടാത്തവർക്ക് അംഗീകാരം നൽകി	1-23
28	സി.എസ്.ആർ ഫണ്ട് - കൃത്യമായ കണക്കുകൾ സൂക്ഷിക്കേണ്ടതാണ്.	1-24
29	പി.ഡബ്ല്യു.ഡി.മെക്കാനിക്കൽ വിഭാഗം സ്ക്രാപ്പ് വില നിശ്ചയിച്ചു നൽകിയെങ്കിലും വാഹനം ലേലം ചെയ്തില്ല.	1-25
30	ഔദ്യോഗിക വാഹനത്തിന്റെ ഡ്രൈവർക്ക് ദൈനംദിന ജോലിയുടെ ഭാഗമായി യാത്രാബത്ത അനുവദനീയമല്ല	1-26

31	വിച്ഛേദിച്ച പൊതു ടാപ്പുകളുടെ കൃത്യമായ കണക്ക് ലഭ്യല്ല-വെള്ളക്കരം അടവാക്കാത്തതിനാൽ വൻ തുക കുടിശിക	1-27
32	ഐ.എസ്.ഓ.സർട്ടിഫിക്കേഷൻ - കൺസൾട്ടൻസി ചാർജ് നൽകിയത് - അപാകതകൾ	1-28
33	മെഡിക്കൽ ഓഫീസർ ചെലവഴിച്ച പ്രോജക്ടിന്റെ UTR സ്റ്റേറ്റ്മന്റ് ഹാജരാക്കാത്തത്.	1-29
34	കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പിൽ നിന്നും വാഹനങ്ങൾക്ക് ഇൻഷുറൻസ് എടുക്കേണ്ടതാണ്	1-30
35	പൊതു ടാപ്പുകളുടെ വെള്ളക്കരം സി.എഫ്.സി.ടൈഡ് ഗ്രാന്റ് ഉപയോഗിച്ച് അടവാക്കി-പ്രൊജക്ട് റിവിഷനിൽ വെറ്റിംഗ് ലഭിച്ചില്ല	1-31
36	കറവപ്പശുക്കൾക്ക് കാലിത്തീറ്റ - കരാർ പാലിക്കുന്നത്.	1-32
37	സിസിടിവി ക്യാമറകൾ -നിരിക്ഷണം കാര്യക്ഷമമാക്കേണ്ടതാണ്.	1-33
38	റോഡ് കണക്ടിവിറ്റി മാപ്പിംഗ്	1-34
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം	4-1
2	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ്	4-4
5	വായ്പ/വായ്പ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ	4-8
9	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സാക്ഷ്യപത്രം

(1) കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് /കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 18.07.2024 ലെ കമ്മിറ്റി തീരുമാനം 2(1) പ്രകാരം തയ്യാറാക്കി 18.07.2024 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചോറ്റാനിക്കര ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

(2) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

(3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചോറ്റാനിക്കര ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കാക്കനാട്
തീയതി :04.10.2024 **ഡെപ്യൂട്ടി ഡയറക്ടർ**

1-1-1 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റ് പ്രകാരമുള്ള തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റ് പ്രകാരം 23-24 കാലയളവിലെ "Net Increase (Decrease) In Cash And Cash Equivalent" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹1,42,43,294/- ആണ്. എന്നാൽ ഇതേ പത്രികയിലെ "Net Cash Generated By Operating + Investing+ Financing Activity" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹-55,59,940/- ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം ഈ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ലഭ്യമാക്കിയ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റിൽ ഈ തുകകൾ പൊരുത്തപ്പെടുന്നില്ല.

1-1-2 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ (കേരള പഞ്ചായത്ത്

രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) ഉൾപ്പെടുത്തിയിട്ടില്ല.

1-1-3 തൊഴിലില്ലായ്മ വേതനം-കണക്കിൽ ഉൾപ്പെത്തിയില്ല

തൊഴിലില്ലായ്മ വേതനമായി 1440/-രൂപ ഓഡിറ്റ് വർഷം വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ആയത് വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല (എൻകമ്പയറി-04/07.08.2024).

1-1-4 വരവ് തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി

2021-22 വാർഷികപദ്ധതിയിൽ പൊന്നമ്മ.പി.എസ്, പുത്തൻവീട് എന്ന ഗുണഭോക്താവിന് വീട് മെയിന്റനൻസിനായി അനുവദിച്ച 50,000/-രൂപ പ്രവൃത്തി നടപ്പാക്കാത്തതിനാൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം (തീരുമാനം നം-14)(2) തീയതി-25.04.2023) ഓഡിറ്റ് വർഷം തിരികെ ഈടാക്കിയിരുന്നു. 12.04.2023 തീയതിയിലെ 1230200109-ാം നമ്പർ രസീത് പ്രകാരം ഗുണഭോക്തൃവിഹിതം അടച്ചതിനാൽ മേൽ തുക Penalties And Fines-Other Penalties എന്ന ഹെഡിലാണ് വരവ് വച്ചത്. പ്രസ്തുത പ്രോജക്ട് ചെലവ് വികസനഫണ്ടിൽ നിന്നായതിനാൽ മേൽ തുക Government And Other Dues Payable എന്ന ഹെഡിലേയ്ക്ക് (350300199) മാറ്റേണ്ടതും സർക്കാരിലേയ്ക്കു അടവാക്കേണ്ടിയതുമായിരുന്നു. എന്നാൽ ഇപ്രകാരം ലയബിലിറ്റി ഹെഡിലേയ്ക്ക് തുക മാറ്റിയിട്ടില്ല.

1-2 ബജറ്റ്

2023-24 വർഷത്തെ ബജറ്റ് 21.03.2023 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു. ഗ്രാമപഞ്ചായത്തിന്റെ പുരിഷ്ക്കരിച്ച ബജറ്റ് 23.01.2024 ലെ 6-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് എസ്റ്റിമേറ്റ്, റിവൈസ്ഡ് ബജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

	ബജറ്റ് എസ്റ്റിമേറ്റ്	റിവൈസ്ഡ് ബജറ്റ്
മുന്നിരിപ്പ്**(₹)**	25,58,956.00	25,58,956.00
വരവ്**(₹)**	20,79,41,700.00	22,04,70,762.00
ആകെ**(₹)**	21,05,00,656.00	22,30,29,718.00
ചെലവ്**(₹)**	20,73,84,396.00	22,05,89,718.00
നീക്കിയിരിപ്പ്**(₹)**	31,16,260.00	24,40,000.00

1-3 സാമ്പത്തിക വിശകലനം

മുൻബാക്കി**(₹)**	1,42,90,825.00
വരവ്**(₹)**	6,95,85,865.00
ആകെ**(₹)**	8,38,76,690.00
ചെലവ്**(₹)**	5,53,42,571.00
നീക്കിയിരിപ്പ്**(₹)**	2,85,34,119.00

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-4 ഫണ്ട് വിനിയോഗം

ഇനം	മുന്നിരിപ്പ് **(₹)**	വരവ് **(₹)**	ആകെ **(₹)**	ചെലവ് **(₹)**	നീക്കിയിരിപ്പ് **(₹)**	ലാപ്സായ തുക**(₹)**
വികസനഫണ്ട്-ജനറൽ	0	1,60,52,000	1,60,52,000	1,21,87,315	-	38,64,685
വികസനഫണ്ട്-എസ്.സി.പി	0	50,39,000	50,39,000	45,19,000	-	5,20,000

വികസനഫണ്ട്-ടി.എസ്.പി	0	0	0	0		0
സി.എഫ്.സി - ടൈഡ് ഗ്രാന്റ്	9,68,052	21,05,654	30,73,706	28,74,583	1,99,123	-
സി.എഫ്.സി - ബേസിക് ഗ്രാന്റ്	3,58,280	27,07,914	30,66,194	27,58,302	3,07,892	-
ഹെൽത്ത് ഗ്രാന്റ് 320100204	820	3,66,671	3,67,491	1,37,820	2,29,671	-
ഹെൽത്ത് ഗ്രാന്റ് 320100203	0	28,15,054	28,15,054	93,250	27,21,804	-
ഹെൽത്ത് ഗ്രാന്റ് 320100202	1966	8,66,261	868,227	1,91,679	6,76,548	-
മെയിന്റനൻസ് ഗ്രാന്റ്-റോഡ്	0	1,30,83,350	1,30,83,350	13,79,436	0	1,17,03,914
മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്	0	33,46,000	33,46,000	33,39,217	0	6783
അവാർഡ്-കേന്ദ്ര ഗവൺമെന്റ് (320100105)	7,00,000	0	7,00,000	0	7,00,000	-
സ്വച്ഛ് ഭാരത് അഭിയാൻ (320100174)	0	10,50,000	10,50,000	10,50,000	0	-
നാഷണൽ റൂറൽ കുടിവെള്ള പദ്ധതി (320100148)	8,19,178	0	8,19,178	8,19,178	0	-
ഗ്രാന്റ് ഫോർ എപ്പിഡമിക് കൺട്രോൾ (320900102)	43695	0	43695	0	43695	-
ഐ.സി.ഡി.എസ് (320100196)	10,06,531	10,59,519	20,66,050	6,31,984	14,34,066	-
സാക്ഷരത (320100197)	5,516	50	5,566	5566	0	-
ശുചിത്വമിഷൻ (320100198)	2,76,940	81,778	3,58,718	0	3,58,718	-
മികച്ച പഞ്ചായത്ത് (320100200)	2,00,000	0	2,00,000	0	200,000	-
കുടിവെള്ള പദ്ധതികൾക്കുള്ള ഗ്രാന്റ് (320200305)	10,000	0	10,000	0	10,000	-
പ്രത്യേക ഉദ്ദേശ ഗ്രാന്റ് (320200399)	7,52,010	0	7,52,010	118	7,51,892	-
പ്രത്യേക ഉദ്ദേശ ഗ്രാന്റുമറ്റ് ഗവ:ഏജൻസി 320300199	0	7,00,000	7,00,000	6,40,370	59,630	-
ലൈഫ് -320400199	16,45,302	22,00,000	38,45,302	38,45,302	0	-
വിമുക്തി 320300199	33,000	0	33,000	0	33,000	-
ഗ്രാന്റ്-ആയുഷ് 320200207	4,50,000		4,50,000		4,50,000	
ഗ്രാന്റ്-ദുരന്തനിവാരണ അതോറിറ്റി 320100152	0	2,00,000	2,00,000	0	2,00,000	
കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഗ്രാന്റ്-ക്യാപിറ്റൽ 320200299	0	2,34,600	2,34,600	0	2,34,600	

ഗ്രാന്റ്-കൊച്ചി കോർപ്പറേഷൻ 320700302	0	10,00,000	10,00,000	10,00,000	0	

1. ധനകാര്യ കമ്മീഷൻ (ടൈഡ്,ബേസിക്) ഗ്രാന്റുകളുടെ വാർഷിക പത്രിക പ്രകാരമുള്ള ചെലവും (5632885/-) സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവും (4694674) പൊരുത്തപ്പെടുന്നില്ല. വ്യത്യാസം താഴെ പറയുന്ന ഗ്രാന്റിനങ്ങളുടെ വരവ് ചലവ് വിശദാംശങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്.

ക്രമ നം	ഗ്രാന്റിനം, ഹെഡ് കോഡ്	വാർഷിക കണക്ക് പ്രകാരമുള്ള തുകകളുടെ വിശദാംശങ്ങൾ				
		മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
1	റൂറൽ ഹൗസിംഗ് ഫോർ ആശ (320100160)	0	2400000	2400000	2370000	114653
2	ഗ്രാന്റ് ഫോർ സപെസിഫിക് പർപസസ്(അദർ ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ്) (320400199)	1645302	0	1645302	0	0
3	അദർ റവന്യൂ ഗ്രാന്റസ് (160100799)				1560649	

1. ക്രമ നം 1 പ്രകാരം യഥാർത്ഥ നീക്കിയിരുപ്പ് 30000/രൂപയാണ് എന്നാൽ B-4 ഷെഡ്യൂളിൽ ആയത ₹114653/-എന്നാണ് കാണിച്ചിരിക്കുന്നത്.
2. ക്രമ നം 2 പ്രകാരം ടി ഇനത്തിൽ വരവും ചെലവും ഇല്ലാത്തതിനാൽ നീക്കിയിരുപ്പ് ₹1645302/- എന്നാൽ B-4 ഷെഡ്യൂളിൽ ആയത 0 എന്നാണ് കാണിച്ചിരിക്കുന്നത്. ടി അക്കൗണ്ടുകൾ എ.എഫ്.എസുമായി പൊരുത്തപ്പെടുത്തേണ്ടതാണ്.
3. ക്രമ നം 3 ലെ ചെലവ് I-6 ഷെഡ്യൂളിൽ കാണിച്ചിരിക്കുന്ന തുകയാണ്. ആയതിന്റെ വരവിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത്	പദ്ധതി അടങ്കൽ(₹)	പൂർത്തീകരിച്ചത് (എണ്ണം)	പദ്ധതി ചെലവ്(₹)	ഭാഗികമായി നടപ്പാക്കിയത്	നടപ്പാക്കാത്തവ	പൂർത്തികരിച്ച പദ്ധതികളുടെ ശതമാനം
226	14,04,36,316	77	5,48,69,985	62	87	34.07%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ് (₹)
ഭരണ ചെലവുകൾ	767	4,66,122	4,66,889	4,66,889	0
ഗുണഭോക്താക്കൾക്ക് നേരിട്ട നൽകുന്നത	0	1,09,50,111	1,09,50,111	1,09,50,111	0
ആകെ	767	1,14,16,233	1,14,17,000	1,14,17,000	0

1-7 ക്ഷേമ പദ്ധതികൾ

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച	ഗുണഭോക്താ

	തുക(₹)	ക്കളുടെ എണ്ണം
തൊഴിലില്ലായ്മ വേതനം	1,440	1
കർഷക തൊഴിലാളി പെൻഷൻ	33,45,400	291
വിധവ പെൻഷൻ	96,20,200	875
വാർദ്ധക്യ കാല പെൻഷൻ	2,17,59,800	2058
വികലാംഗ പെൻഷൻ	25,79,900	236
അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം	5,90,400	53
വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം	90,000	3

1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.08.2024 തീയതിയിൽ ഉച്ച കഴിഞ്ഞ 2.15 സമയത്ത് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹15000.00 നറെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ചുവടെ ചേർക്കുന്ന പരാമർശങ്ങളിൽ ഭരണാധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1)വാർഷിക ധനകാര്യപത്രിക ബി-4 ഷെഡ്യൂളിൽ ബാദ്ധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള പ്രത്യേകോദ്ദേശ്യഗ്രാന്റുകളുടെ കൃത്യമായ കണക്ക് സൂക്ഷിക്കേണ്ടതാണ്.

2)തനത് വരുമാനം കുറവായ ഗ്രാമപഞ്ചായത്തിന് കിട്ടാനുള്ള തുകകൾ ലഭ്യമാകുന്നതിലേയ്ക്കാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. വസ്തു നികുതിയിനത്തിൽ ഓൺലൈൻ വഴി വന്ന തുകയിൽ 6,80,122/-രൂപ ഐ.കെ.എം-ൽ നിന്ന് ലഭ്യമാകുവാനുണ്ട് എന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു (മുൻവർഷങ്ങളിലെ കുടിശ്ശിക-3,08,377/-രൂപ + ഓഡിറ്റ് വർഷം ലഭ്യമാകുവാനുള്ളത്-3,71,745/-).

3)വസ്തു നികുതിയോടൊപ്പം പിരിച്ചെടുക്കുന്ന ലൈബ്രറി സെസ് കൃത്യമായി സംസ്ഥാന ലൈബ്രറി കൗൺസിലിൽ അടവാക്കേണ്ടതാണ്(31.03.24 തീയതിയിൽ 10,09,299/-രൂപ അടവാക്കുവാൻ അവശേഷിക്കുന്നു).

4)കാലഹരണപ്പെട്ട നിക്ഷേപങ്ങളും ഒരു വർഷത്തിലധികമായി പണമാക്കാത്ത ചെക്കുകളും തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതാണ്.

5)എല്ലാ വാർഡുകളിലും മിനി എം.സി.എഫ് സ്ഥാപിക്കേണ്ടതാണ്, ആയുഷ് ആയുർവേദ ഡിസ്പെൻസറിയുടെ മുകൾ നിലയിൽ പ്രവർത്തിക്കുന്ന എം.സി.എഫിൽ ചാക്കുകളിൽ മാലിന്യം സംഭരിച്ച് വെയ്ക്കുന്നതിന്റെ സുരക്ഷാവശം പരിശോധിച്ചുറപ്പാക്കേണ്ടതാണ്. ആരോഗ്യ സംരക്ഷണകേന്ദ്രമായ ആയുർവേദ ഡിസ്പെൻസറിയുടെ മുകൾനിലയിൽ മാലിന്യം ശേഖരിക്കുക എന്നതിന്റെ പ്രായോഗികതകൂടി കണക്കിലെടുക്കേണ്ടതാണ്. ചാക്കിലാക്കിയ മാലിന്യങ്ങൾ മുകളിലത്തെ നിലയിൽ എത്തിക്കുവാൻ സ്ത്രീകളായ ഹരിതകർമസേനാംഗങ്ങൾ നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ട് കണക്കിലെടുത്ത് കൂടുതൽ സ്ഥലസൗകര്യമുള്ളതും ഗ്രൗണ്ട് ലെവലിൽ സ്ഥിതി ചെയ്യുന്നതുമായ മറ്റൊരു സ്ഥലം എം.സി.എഫിനായി കണ്ടെത്തുന്നത് ഉചിതമാകും എന്ന അഭിപ്രായപ്പെടുന്നു.

6)വർക്കിംഗ് ഗ്രൂപ്പിന്റെ പ്രൊജക്ട് മോണിട്ടറിംഗ് റിപ്പോർട്ട് പ്രൊജക്ട് ഫയലുകളിൽ ഉൾപ്പെടുത്തേണ്ടതാണ്.

7)സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായുള്ളതും തനത് ഫണ്ട് വകയിരുത്തി നിർവ്വഹണം നടത്തുന്നതുമായ പ്രൊജക്ടുകളിൽ വകയിരുത്തിയ തുക തീരുമ്പോൾ തനത് ഫണ്ടിൽ നിന്നും തുക നേരിട്ട് ചെലവ് ചെയ്യുന്നുണ്ട്. ഇപ്രകാരം പ്രൊജക്ടിൽ ഉൾപ്പെടുത്താതെ നൽകുന്ന തുകകൾ റിവിഷൻ സമയത്ത് പ്രൊജക്ടിന്റെ ഭാഗമാക്കേണ്ടതാണ്.

8)ടെക്നിക്കൽ അസിസ്റ്റന്റ്, പ്രൊജക്ട് അസിസ്റ്റന്റ് എന്നീ കരാർ ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട് വെയ്ക്കുന്ന കരാറുകൾ കാലാവധി കൂഴിയുന്ന മുറയ്ക്ക് പുതുക്കി സെക്രട്ടറിയും ജീവനക്കാരും ഒപ്പിട്ട് സൂക്ഷിക്കേണ്ടതാണ്.

9)പ്രിന്റർ, യു.പി.എസ്., സ്കാനർ തുടങ്ങിയ ഉപകരണങ്ങൾ, പഞ്ചായത്ത് ഓഫീസിലെയും ഘടക സ്ഥാപനങ്ങളിലെയും മൊത്തത്തിലുള്ള ആവശ്യകത

നിർണ്ണയിച്ച് GeM മുഖേന വാങ്ങേണ്ടതാണ്. പ്രാദേശികമായി പലപ്പോഴായി ഓരോ ഉപകരണങ്ങളായി വാങ്ങുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

10)ഡിസ്പെൻസറികളിലെ ഒ.പി.ടിക്കറ്റ് വരവ് വെയ്ക്കുന്നത് എച്ച്.എം.സി. ഫണ്ടിലേക്കാണ്. ഈ സാഹചര്യത്തിൽ ഒ.പി.ടിക്കറ്റുകൾ പ്രിന്റ് ചെയ്യുന്നതിന് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കാതെ, എച്ച്.എം.സി ഫണ്ടിൽ നിന്നും തന്നെ തുക കണ്ടെത്തുവാൻ മെഡിക്കൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

11)തദ്ദേശ സ്ഥാപനം നടപ്പിലാക്കുന്ന വികസന ക്ഷേമ പദ്ധതികൾ സംബന്ധിച്ച വിവരങ്ങളും പൊതു വിവരങ്ങളും ജനങ്ങളുമായി സമൂഹ മാദ്ധ്യമങ്ങൾ വഴി പങ്കുവെയ്ക്കുന്നതിന് വ്യക്തിയെ/ ഏജൻസിയെ നിയമിക്കാവുന്നതാണെന്നുള്ള സർക്കാർ ഉത്തരവിനെ അടിസ്ഥാനമാക്കി തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നുണ്ട്. ഒരു ഓൺലൈൻ പോസ്റ്റിന് 250/-രൂപ, കുറിപ്പിന് 150/-രൂപ നിരക്കിലാണ് തുക നൽകുന്നത്. വികസന ക്ഷേമ പദ്ധതികൾ സംബന്ധിച്ച വിവരങ്ങളും പൊതു വിവരങ്ങളും ജനങ്ങളിലേക്ക് എത്തിക്കുന്നതിനു മാത്രമേ തുക ചെലവഴിക്കാവൂ എന്നിരിക്കെ, ഇതു കൂടാതെ വിവിധ ഇനങ്ങളിൽ സമ്മാനം നേടിയവർക്കുള്ള അഭിനന്ദന പോസ്റ്ററുകൾ, ഫണ്ട് അനുവദിപ്പിച്ചതിന് ജനപ്രതിനിധികൾക്കുള്ള അഭിനന്ദന പോസ്റ്ററുകൾ എന്നിവയ്ക്കും തുക നൽകിയിട്ടുണ്ട്. ഇത്തരം പോസ്റ്ററുകൾക്ക് തുക നൽകുന്ന പ്രവണത അവസാനിപ്പിക്കേണ്ടതാണ്. സർക്കാർ നിർദ്ദേശ പ്രകാരം മാത്രം തുക ചെലവഴിക്കേണ്ടതാണ്.

12)2023 ഡിസംബർ മാസം വാർഡുകളിൽ നടന്ന ഗ്രാമസഭ യോഗ ചെലവിനത്തിൽ ബസ് സ്റ്റാന്റിലെ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ കുടുംബശ്രീ കാന്റീനിൽ നിന്നും ലഭിച്ച Tea& Snacks – 2500/- എന്നു മാത്രം എഴുതിയ കൃത്യമല്ലാത്ത ബില്ലുകളെ (14 എണ്ണം) അടിസ്ഥാനമാക്കി തനത് ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്. ഇനം, എണ്ണം, നിരക്ക് എന്നീ വിവരങ്ങൾ രേഖപ്പെടുത്താത്ത ഇത്തരം ബില്ലുകളെ അടിസ്ഥാനമാക്കി തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് നിയന്ത്രണവും ശ്രദ്ധയും വേണ്ടതാണ്.

1-10 മാലിന്യസംസ്ക്കരണം - ഹരിതകർമ്മസേനയിലൂടെ

ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിലെ ഖരമാലിന്യ സംസ്ക്കരണം ഹരിതകർമ്മസേനയിലൂടെ നടപ്പാക്കുന്നതിന് 2019 മുതൽ വിവിധ പരിപാടികൾ ഏറ്റെടുത്ത നടപ്പാക്കി വരുന്നുണ്ട്. പഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ച അവലോകനം ചുവടെ ചേർക്കുന്നു

അടിസ്ഥാനവിവരങ്ങൾ

എറണാകുളം ജില്ലയിൽ മുളന്തുരുത്തി ബ്ലോക്ക്പഞ്ചായത്തിലുൾപ്പെട്ട ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിന് 12.68 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയാണുള്ളത്. 14 വാർഡുകളുള്ള പഞ്ചായത്തിലെ ജനസംഖ്യ 22656 ആണ്. ആൾതാമസമുള്ള 6989 വീടുകളും 656 സ്ഥാപനങ്ങളും ഇവിടെ നിലവിലുണ്ട്. 2018 ലാണ് ഹരിതകർമ്മസേന ഇവിടെ രൂപീകരിച്ചത്. ഓരോ വാർഡിലും 2 അംഗങ്ങൾ വീതം 14 വാർഡുകളിലായി ആകെ 28 ഹരിതകർമ്മസേനാംഗങ്ങൾ അജൈവ മാലിന്യം ശേഖരിക്കുന്ന പ്രവൃത്തിയിൽ ഏർപ്പെട്ട് വരുന്നു. 2 അംഗങ്ങൾ ബെയിംലിംഗ് യൂണിറ്റിൽ സെഗ്രഗേഷൻ പ്രവൃത്തിയിൽ മാത്രം ഏർപ്പെട്ട വരുന്നു.

മാലിന്യ ശേഖരണ കാര്യക്ഷമത

നിത്യജീവിതത്തിന്റെ ഭാഗമായുണ്ടാകുന്ന അജൈവമാലിന്യങ്ങൾ കൃത്യമായി വൃത്തിയാക്കി ഉണക്കി കൈമാറുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. താഴെ ചേർക്കും വിധം മാലിന്യശേഖരണ കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്.

ഇനം	ശേഖരിക്കുന്ന മാസം
പ്ലാസ്റ്റിക്, പ്ലാസ്റ്റിക് കവറുകൾ, ബോട്ടിൽ	ജനുവരി, മാർച്ച്, മേയ്, ജൂൺ, ജൂലൈ, സെപ്റ്റംബർ, ഒക്ടോബർ, ഡിസംബർ
ചെരുപ്പ്, ബാഗ്	ഫെബ്രുവരി
ഇ-വേസ്റ്റ്	ആഗസ്റ്റ്
ചെരുപ്പ്, ബാഗ്	നവംബർ
കുപ്പിച്ചില്ല്	ഏപ്രിൽ
തുണി	നവംബർ

തയ്യാറാക്കിയ കുലണ്ടർ പ്രകാരമാണ് മാലിന്യ ശേഖരണം നടന്നുവരുന്നത്. വാർഡ് തലത്തിലെ വാട്ടസ് ആപ്പ് ഗ്രൂപ്പ് മുഖേന മാലിന്യ ശേഖരണം സംബന്ധിച്ച ജനങ്ങളെ

മുൻകൂട്ടി അറിയിക്കുന്നുമുണ്ട്.

മാലിന്യ വേർതിരിവ് പാലിക്കൽ

പഞ്ചായത്തിൽ ആകെ 9 മിനി എം.സി.എഫുകൾ ആണുള്ളത്. 9 വാർഡുകളിലെ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ ആദ്യം മിനി എം സി എഫിലും പിന്നീട് എം.സി.എഫിലും എത്തിക്കുന്നു. 2, 4, 5, 12, 13 വാർഡുകളിൽ മിനി എം സി എഫ് ഇല്ല. ഈ അഞ്ച് വാർഡുകളിൽ നിന്നും മാലിന്യം നേരിട്ട് എം സി എഫിൽ എത്തിക്കുകയാണ് ചെയ്യുന്നത്. ശേഖരിക്കുന്ന മാലിന്യങ്ങൾ പരമാവധി ഉറവിടത്തിൽ തന്നെ വേർതിരിച്ച് ക്രമീകരിച്ചാണ് എത്തിക്കുന്നത്. പഞ്ചായത്ത് ഓഫീസിനു സമീപം ബസ്സ്റ്റാന്റിൽ സ്വന്തം കെട്ടിടത്തിലാണ് എം സി എഫ് പ്രവർത്തിക്കുന്നത്. മൂന്ന് ഭാഗങ്ങളായാണ് എം സി എഫ് പ്രവർത്തിക്കുന്നത്.

ഭാഗം-1, ആയുർവേദ ആശുപത്രിയുടെ മുകളിൽ – മാലിന്യം സംഭരിച്ച് വയ്ക്കുന്ന സ്ഥലം ($90m^2$)

ഭാഗം-2, ആശുപത്രിക്ക് പുറകിൽ- ബെയിലിംഗ് യൂണിറ്റ് ($18m^2$)

ഭാഗം-3, ആശുപത്രിക്ക് പുറകിൽ- വിവിധ വാർഡുകളിൽ നിന്ന് കൊണ്ട് വരുന്ന വേർതിരിക്കാത്ത മാലിന്യങ്ങൾ സൂക്ഷിക്കുന്ന സ്ഥലം ($78.30m^2$)

എം സി എഫ്-ന്റെ ചിത്രങ്ങൾ താഴെ ചേർക്കുന്നു.

ചിത്രം-1 (മാലിന്യം സംഭരിച്ച് വയ്ക്കുന്ന സ്ഥലം)



ചിത്രം-2 (ബെയിലിംഗ് യൂണിറ്റ്)



ചിത്രം-3 (വിവിധ വാർഡുകളിൽ നിന്ന് കൊണ്ട് വരുന്ന വേർതിരിക്കാത്ത മാലിന്യങ്ങൾ സൂക്ഷിക്കുന്ന സ്ഥലം)



റീസൈക്ലിംഗ്

ഹരിതകർമ്മസേന മുഖേന നിർദ്ദേശങ്ങൾ നൽകുന്നതുൾപ്പെടെ പുനരുപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രത്യേക നടപടികൾ പഞ്ചായത്ത് സ്വീകരിച്ച് വരുന്നുണ്ട്. പാതയോരങ്ങളിലും പൊതുഇടങ്ങളിലും ബിന്നുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും സ്വാപ് ഷോപ്പുകൾ പോലുള്ള സംവിധാനങ്ങളും ആവിഷ്കരിച്ചിട്ടില്ല. എന്നാൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.

കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

സ്വീ ഡി എസ്, കുടുംബശ്രീ എന്നീ കൂട്ടായ്മകളിലൂടെ മാലിന്യ സംസ്ക്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

തൊഴിൽസൃഷ്ടിക്കൽ

2023-24 വർഷം യൂസർ ഫീ ഇനത്തിൽ ₹48,11,765/- വരവ് വന്നിട്ടുണ്ട്. ഓരോ അംഗവും കളക്ഷൻ ചെയ്യുന്ന യൂസർ ഫീ-യുടെ 90% ആണ് വേതനമിനത്തിൽ നൽകുന്നത്. പഞ്ചായത്തിലെ 28 ഹരിതകർമ്മസേനാംഗങ്ങൾക്ക് ശരാശരി ₹10000.00 പ്രതിമാസം വരുമാനമായി ലഭിക്കുന്നുണ്ട്. വയബിലിറ്റി ഗ്യാപ ഫണ്ട് ഉപയോഗിക്കേണ്ടി വന്നിട്ടില്ല. വസ്തുനികുതി ഡിമാൻഡ് നോട്ടീസ് വിതരണം, ഇനോക്കുലം വിതരണം എന്നിവ മുഖേനയും വിത്തുകൾ ,തൈകൾ, ജീവാമൃതം എന്നിവയുടെ വിൽപ്പനയിലൂടെയും ഹരിതകർമ്മസേനാംഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

അടിസ്ഥാന സൗകര്യവികസനം

മാലിന്യനീക്കത്തിന് സ്വന്തമായി വാഹനം ഉണ്ട് (ഇ-ഓട്ടോ-KL-39T346) ഹരിതകർമ്മസേനാംഗങ്ങൾക്കാർക്കും ഡ്രൈവിംഗ് ലൈസൻസ് ഇല്ല. കുടുംബശ്രീയുമായി സഹകരിച്ച് അംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകുന്നതിനായി നടപടികൾ സ്വീകരിച്ച് വരുന്നു. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ഓഫീസ് സംവിധാനവും ഒരുക്കിയിട്ടുണ്ട്. ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററിനോടനുബന്ധിച്ചാണ് ഓഫീസ് പ്രവർത്തിച്ച് വരുന്നത്.

പാരിസ്ഥിതിക ആഘാതം

പൊതുനിരത്തുകളിലും ഇടങ്ങളിലും മാലിന്യം തള്ളുന്നത് തടയുന്നതിന് നിശ്ചിത ഇടവേളകളിൽ പരിശോധനകൾ നടത്തുകയും പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. മാലിന്യനിക്ഷേപം നിരീക്ഷിക്കുന്നതിനായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സിസിടിവി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.

പരിശീലനവും വികസനവും

ഹരിതകർമ്മസേനാംഗങ്ങൾക്ക് പ്രായോഗിക തലത്തിൽ മാലിന്യസംസ്കരണം, സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് എന്നിവ സംബന്ധിച്ച പരിശീലനം കൂടാതെ തീപിടുത്തം നേരിടുന്നത് സംബന്ധിച്ച പരിശീലനവും നൽകിയിട്ടുണ്ട്. സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സംവിധാനം നടപ്പാക്കുന്നതിന്റെ ഭാഗമായി കൺസോർഷ്യത്തിൽ നിന്ന് മൊബൈൽ ഫോൺ വാങ്ങുന്നതിന് പലിശരഹിത വായ്പ നൽകിയിട്ടുണ്ട്.

ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം

ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് എല്ലാ മാസവും റിവ്യൂ മീറ്റിംഗ് നടത്തി വരുന്നുണ്ട്. ക്യൂ ആർ കോഡ് പതിപ്പിക്കൽ പൂർത്തിയാക്കി സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം പ്രവർത്തന ക്ഷമമായിട്ടുണ്ട്. ഹരിതമിത്രം ആപ്പ് വിവരശേഖരണം പൂർത്തീകരിച്ചതിനുള്ള പുരസ്ക്കാരം പഞ്ചായത്തിന് 13.11.2022 തീയതിയിൽ ബഹു തദ്ദേശവകുപ്പ് മന്ത്രിയിൽ നിന്ന് ലഭ്യമായിട്ടുണ്ട്. ഹരിതമിത്രം ആപ്പ് ഉപയോഗിച്ച് സ്മാർട്ട് ഫോൺ വഴി ഓരോ വാർഡിലുമുള്ള വീടുകളിലേയും സ്ഥാപനങ്ങളിലേയും ക്യൂ ആർ കോഡ് സ്ക്കാൻ ചെയ്യുകയും ഫീസ് ഈടാക്കുകയും ചെയ്യുന്നു. ആയത് ഹരിതമിത്രം വെബ് പോർട്ടൽ മുഖേന സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, വി.ഇ.ഒ എന്നിവർ മോണിട്ടർ ചെയ്യും വരുന്നു.

II മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ (MCF)/റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)

1.അടിസ്ഥാന വിവരങ്ങൾ

റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്റർ പഞ്ചായത്തിൽ ഇല്ല. നിലവിൽ 186.3 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള എംസിഎഫ് നാലാം വാർഡിൽ പഞ്ചായത്ത് ഓഫീസിന് സമീപം ബസ്സ്റ്റാന്റിൽ പ്രവർത്തിക്കുന്നുണ്ട്. മൂന്ന് ഭാഗങ്ങളിലായാണ് എം സി എഫ് പ്രവർത്തിക്കുന്നത്. ആയുർവേദ ഡിസ്പെൻസറിയുടെ മുകളിൽ ആണ് എം.സി.എഫിന്റെ ഒരു ഭാഗം പ്രവർത്തിക്കുന്നത്. മേൽ ഭാഗം മാലിന്യസംഭരണത്തിനായി ഉപയോഗിക്കുന്നു. ഡിസ്പെൻസറിക്ക് പുറകു വശം താഴെയായി ഒരു മുറിയിലാണ് ബെയിലിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നത്. തൊട്ടടുത്ത മറ്റൊരു മുറിയിൽ വിവിധ വാർഡുകളിൽ

നിന്ന് കൊണ്ട് വരുന്ന വേർതിരിക്കുവാനുള്ള മാലിന്യങ്ങൾ സൂക്ഷിക്കുന്നു. സെഗ്രഗേഷൻ ടേബിൾ ഇല്ലാത്തതിനാൽ മാലിന്യം ബെയിൽ ചെയ്തെടുക്കുവാൻ ബുദ്ധിമുട്ട് നേരിടുന്നതായി ജീവനക്കാർ അറിയിച്ചു. മാത്രമല്ല സ്ഥലസൗകര്യവും പരിമിതമാണ്. രണ്ട് ഫയർ എക്സ്റ്റിംഗ്വിഷർ എം സി എഫിൽ സ്ഥാപിച്ചിട്ടുണ്ട്.
എം സി എഫ്-ആർ ആർ എഫുകളുടെ പ്രവർത്തന നടപടിക്രമം (SOP) പ്രകാരം എം സി എഫിന് അഞ്ച് ഏരിയകളും (ട്രിപ്പിംഗ് ഏരിയ, സ്റ്റോറേജ് ഏരിയ, സെഗ്രഗേഷൻ ഏരിയ, മഷീനറി ഏരിയ, ഫിനിഷ്ഡ് ഗുഡ്സ് ഏരിയ) നാല് മുറികളും (ഓഫീസ് ഏരിയ, ശുചിമുറി, വിശ്രമമുറി,വസ്ത്രം മാറുന്നതിനുള്ള മുറി) ഉണ്ടാവേണ്ടതുണ്ട്. ഓഫീസ് സൗകര്യം നിലവിൽ ഉണ്ട്. ബസ് സ്റ്റാന്റ് ആയതിനാൽ കോമൺ ടോയലറ്റും ഉണ്ട്. എന്നാൽ മറ്റ് സജ്ജീകരണങ്ങൾ ഒന്നും തന്നെയില്ല.

2.<u>മാലിന്യ കൈമാറ്റ കാര്യക്ഷമത</u>

വീടുകളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ ഓരോ മാസവും 15ാം തീയതിക്കകം എം.സി.എഫിലേയ്ക്ക് എത്തിക്കുന്നുണ്ട്. പിന്നീട് 20 തീയതിക്കുള്ളിൽ കരാർ സ്ഥാപനത്തിന് മാലിന്യം കൈമാറുന്നുണ്ട്. റിവ്യൂ മീറ്റിംഗിൽ മാലിന്യം വേർതിരിക്കുന്നത സംബന്ധിച്ചും നിലവിലെ പ്രവർത്തനങ്ങളുടെ പോരായ്മകൾ സംബന്ധിച്ചും ചർച്ച ചെയ്യുകയും പുതിയ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

3. <u>മാലിന്യ സംഭരണ ശേഷി</u>

എം സി എഫിന് 186.3 ചതുരശ്ര മീറ്റർ വിസ്തൃതിയുണ്ട്. പരമാവധി 20 ദിവസം വരെ മാലിന്യം സംഭരിച്ച സൂക്ഷിക്കാൻ സാധിക്കുന്നുണ്ട്.

4. <u>മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ</u>

തൊഴിലാളികളുടെ സുരക്ഷയും, പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കിക്കൊണ്ട് മാലിന്യം ഇനം തിരിക്കുന്നതിന് സേനാംഗങ്ങൾക്ക് കൈയുറ, മാസ്ക്, ഹാൻഡ് സാനിറ്റൈസർ, റെയ്ൻ കോട്ട എന്നിവ വിതരണം ചെയ്തിട്ടുണ്ട്.

5. <u>ശുചിത്വമാനദണ്ഡങ്ങൾ</u>

എം സി എഫ് പരിസരം ശുചിയായി തന്നെ സൂക്ഷിച്ചിട്ടുണ്ട്. മാലിന്യങ്ങൾ ചാക്കിൽ കെട്ടി അടുക്കി സൂക്ഷിക്കുന്നുണ്ട്. കുടിവെള്ള ലഭ്യത, ശുചിമുറി എന്നിവ ഉണ്ട്.

6. <u>യഥാസമയം മാലിന്യം കൈയ്യൊഴിയൽ</u>

മാലിന്യം യഥാസമയം കൈമാറുന്നുണ്ട്. വേർതിരിച്ച മാലിന്യത്തിന് കിലോഗ്രാമിന് 6/-രൂപ നിരക്കിൽ പഞ്ചായത്തിന് തുക ലഭ്യമാകുമ്പോൾ വേർതിരിക്കാത്ത മാലിന്യം നീക്കം ചെയ്യുന്നതിന് കിലോഗ്രാമിന് 8.50/-രൂപ കരാറുകാരന് നൽകേണ്ടി വരുന്നു.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ:</u>

നവകേരളം സൃഷ്ടിക്കുന്നതിലെ ഏറ്റവും വലിയ വെല്ലുവിളിയാണ് മാലിന്യ സംസ്കരണം എന്നതിനാൽ തന്നെ ഈ രംഗത്ത് ഹരിതകർമ്മസേനയുടെ പ്രവർത്തനം അതീവ പ്രാധാന്യമുള്ളതാണ്. ഖരമാലിന്യ ശേഖരണം, തരംതിരിക്കൽ, നീക്കം ചെയ്യൽ എന്നിവ ഏകോപിപ്പിക്കുന്നതിന് നിലവിലുള്ള സൗകര്യം വിപുലപ്പെടുത്തേണ്ടതാണ്. വേർതിരിക്കാത്ത മാലിന്യത്തിന് വില കുറച്ച് മാത്രമാണ് ലഭ്യമാകുന്നതെന്നതിനാൽ സെഗ്രഗേഷൻ ടേബിൾ ഉൾപ്പെടെയുള്ള ഉപകരണങ്ങളും മഷീനറികളും സജ്ജീകരിക്കുന്നത വരുമാന വർദ്ധനവിന് ഉപകരിക്കും. സ്ഥല സൗകര്യമുള്ള മറ്റൊരു മുറി ബെയിലിംഗ് യൂണിറ്റിനായി തയ്യാറാക്കാവുന്നതാണ്. ആയുർവേദ ഡിസ്പെൻസറി പരിസരത്തു നിന്ന് എം.സി.എഫ് മാറ്റാൻ ശ്രമം നടത്തേണ്ടതാണ്. ബെയിലിംഗ് യൂണിറ്റ്, ഷ്രെഡ്ഡിംഗ് യൂണിറ്റ് എന്നിവയടക്കം എം സി എഫ് പരിപാലനം സംബന്ധിച്ച മാർഗരേഖ അനുസരിച്ചുള്ള എല്ലാ സംവിധാനങ്ങളും എം സി എഫിൽ സജ്ജീകരിക്കേണ്ടതാണ്. എല്ലാ വാർഡുകളിലും മിനി എം സി എഫ് സജ്ജമാക്കേണ്ടതാണ്. വിഷയം പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. വി.ഇ.ഒ. പോലെയുള്ള ഒരു ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിന് മാത്രമായി ചുമതലപ്പെടുത്തേണ്ട ആവശ്യവും പ്രവർത്തനം മാലിന്യ സംസ്കരണത്തിനായി വേണ്ടി വരുന്നുണ്ട്. ആയതിനാൽ ക്യൂ ആർ കോഡ് പതിപ്പിക്കൽ നടപടികൾ ത്വരിതപ്പെടുത്തേണ്ടതും ഹരിതമിത്രം ആപ്പ് പദ്ധതി സമയബന്ധിതമായി നടപ്പാക്കി ഹരിതകർമസേനയുടെ പ്രവർത്തനങ്ങൾ ഊർജിതവും കാര്യക്ഷമവുമാക്കേണ്ടതാണ്. പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്ന് സ്വീകരിച്ചുവരുന്ന നടപടികൾ ഒന്നുകൂടി ശക്തിപ്പെടുത്തുന്നതിലൂടെ പൂർണ്ണശുചിത്വമുള്ളതും മാലിന്യരഹിതവുമായ പഞ്ചായത്ത് എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുവാൻ കഴിയുന്നതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

<u>1-11 ദുരിതാശ്വാസ നിധി</u>

2003ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ ചട്ടം 3(1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം,

മാറാരോഗങ്ങൾ, എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്(ബ്രാങ്ക ഓഫ് ബറോഡ, അക്കൗണ്ട് നം.62660100010361). 58493/- മുന്നിരിപ്പും 160142 വരവും ഉള്ള ടി അക്കൗണ്ടിൽ നിന്നും 183527/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. 31.3.2024 ൽ 35108/- രൂപ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി കാര്യക്ഷമമാണ്. നിധിയെ സംബന്ധിച്ച വരവ് ചെലവ് കണക്കുകൾ സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ ഒരു ക്യാഷ്ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിധിയെ സംബന്ധിച്ച എല്ലാ വരവ്-ചെലവ് കണക്കുകളും സെക്രട്ടറി ഓരോ മാസവും പഞ്ചായത്ത് കമ്മിറ്റിയിൽ സമർപ്പിക്കേണ്ടതും ഓഡിറ്റിനു വിധേയമാക്കേണ്ടതുമാണ്.

1-12 സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും കരാറുകാരുടെയും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

1. ചോറ്റാനിക്കര ഗ്രാമ പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ, തൊഴിൽ നികുതി സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കാത്ത കാലയളവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. തൊഴിൽ നികുതി ഈടാക്കി രേഖകൾ ഓഡിറ്റിന് നൽകേണ്ടതാണ്.

ക്രമനമ്പർ	തൊഴിൽ നികുതി രജിസ്റ്ററിലെ ക്രമ നമ്പർ	സ്ഥാപനം	തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധവർഷം
1	11	ഹോട്ടൽ ഗണേഷ് ഭവൻ	I, II
2	23	പോലീസ് സ്റ്റേഷൻ, ചോറ്റാനിക്കര	II
3	31	കാനറ ബാങ്ക്	I
4	34	കണയന്നൂർ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക	II
5	39	എൻ.എസ് ഇലക്ട്രോണിക്സ്	II
6	41	തലക്കോട് ബ്രാഞ്ച് പോസ്റ്റ് ഓഫീസ്	I, II
7	42	കുടുംബശ്രീ സി.ഡി.എസ് ഓഫീസ്	II
8	55	സമരിയ ഏജൻസീസ്	I, II
9	56	വുഡ് ലാൻഡ്സ് ലോഡ്ജ്	I, II
10	57	പോസ്റ്റ് ഓഫീസ്, കുരീക്കാട്	I, II
11	58	പി എ കോൺക്രീറ്റ് ബ്രിക്സ്	II
12	65	ചേറടി ഇൻഡസ്ട്രീസ്	I, II
13	67	വില്ലേജ് ഓഫീസ്, കണയന്നൂർ	II
14	69	സെന്റ് ജോൺസ് എനറർപ്രൈസസ്	I, II
15	74	അമ്മ ടൂറിസ്റ്റ് ഹോം	I, II
16	75	അംബ ടൂറിസ്റ്റ് ഹോം	I, II
17	87	എൽനിക്സ് പവർ സോൺ	I, II
18	88	അന്നപൂർണ്ണ ടിഫിൻ ഹൌസ്	I, II
19	91	ശ്രീലക്ഷ്മി ചിപ്സ് സെന്റർ	I, II

20	94	സംഗീത എൻജിനീയറിംഗ് വർക്സ	II
21	95	വിഷ്ണു റെസ്റ്റോറന്റ്	I, II
22	104	ഗ്രാനറ്റ്പെൽ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്	I, II
23	105	ഹോട്ടൽ രാജേശ്വരി	I, II
24	111	റിജോ ബേക്ക് ഹൌസ്	I, II
25	114	നവഭാരത് ഇൻസുലേറ്റേർസ്	I, II
26	115	എൻ കെ എസ് ഫ്യൂവൽസ്	I
27	116	ഗ്രാനൈറെസ്റ്റ ജ്യൂവൽസ് ആന്റ് പ്രിഷ്യസ് സ്റ്റോൺസ്	I, II
28	117	ജെ ജെ അസോസിയേറ്റ്സ്	I, II
29	119	ഉണ്ണികൃഷ്ണൻ ലോഡ്ജ്	II
30	120	സെന്റ് സ്റ്റീഫൻസ് ഹോസ്റ്റൽ	I, II
31	122	ഇന്ദ്രപ്രസ്ഥ ടൂറിസ്റ്റ് ഹോം	I, II
32	123	പ്രകാശ് ടൂറിസ്റ്റ് ഹോം	II
33	124	കാർത്തികേയ റെസിഡൻസി	II
34	125	അശോക റെസിഡൻസി	I, II
35	126	അശോക ഇൻ	I, II
36	128	ഭഗവതി റെസിഡൻസി	I, II
37	133	കാലക്സ് മൂറൈൻ ഇൻഡസ്ട്രിയൽ സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ്	II

2. ലൈസൻസ് രജിസ്റ്റർ പ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് പുതുക്കിയ/അനുവദിച്ച പല സ്ഥാപനങ്ങളിലും ജീവനക്കാർ ഉള്ളതായി ലൈസൻസ് അപേക്ഷയിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത ഈടാക്കിയിട്ടില്ല. വിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ	സ്ഥാപനം	ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം
1	126	പ്രണവ് ഡെക്കറേഷൻ	10
2	405	ബി ആർ എം ട്രേഡിംഗ് കമ്പനി	8
3	479	ഗോൾഡ്ഡൻ ഡ്രീംസ് കാറ്ററിംഗ്	12
4	489	ചെമ്പകം (ടെയിലറിംഗ് യൂണിറ്റ്)	14
5	490	ചെമ്പകം ഡിസൈനർ സ്റ്റുഡിയോ	15

6	578	എ ബ്വി എസ് റൂഫിംഗ്	9
7	581	യൂണൈറ്റഡ് വുഡ് ഇൻഡസ്ട്രീസ്	6
8	277	സാബ്വി ഇലക്ട്രിക്കൽ സൊല്യൂഷൻസ്	6
9	313	ദിവ്യ ഫ്യൂവൽസ്	8
10	317	റാവുസ് സൂപ്പർമാർക്കറ്റ്	6

തൊഴിലുടമ മുഖേന ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതും, രേഖകൾ പരിശോധനയ്ക്കായി നൽകേണ്ടതുമാണ്.

3. പാരാമെഡിക്കൽ ലൈസൻസ് പുതുക്കിയ/അനുവദിച്ച ചുവടെ ചേർത്തിരിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

ക്രമ നമ്പർ	പാരാമെഡിക്കൽ രജിസ്റ്റർ ക്രമ നം	സ്ഥാപനം	ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം
1	2	ഡോക്ടേർസ് ഡയഗ്നോസ്റ്റിക് സെന്ററ് പ്രൈവറ്റ് ലിമിറ്റഡ്	മറ്റ് ജീവനക്കാർ - 3
2	3	ഡോ. ലാൽ പാത്ത് ലാബ്	മറ്റ് ജീവനക്കാർ - 2
4	4	മന്ദഹാസ് ഡെന്ററൽ ക്ലിനിക	ഡ്യോക്ടർ - 1 മറ്റ് ജീവനക്കാർ - 1
5	8	ട്രൂ കെയർ ഡയഗ്നോസ്റ്റിക്സ്	മറ്റ് ജീവനക്കാർ - 2
6	9	ന്യൂ ഫ്രണ്ട്സ് ഡെന്ററൽ ക്ലിനിക	ഡ്യോക്ടർ - 1 മറ്റ് ജീവനക്കാർ - 1
7	12	ഏദന്റ് ഡെന്ററൽ സെന്ററ്	ഡ്യോക്ടർ - 1 മറ്റ് ജീവനക്കാർ - 2
8	14	ആക്സൺ ലബോറട്ടറീസ്	മറ്റ് ജീവനക്കാർ - 2
9	17	കോക്കാട്ട് ഡെന്ററൽ ക്ലിനിക	ഡ്യോക്ടർ - 1 മറ്റ് ജീവനക്കാർ - 1
10	18	ഡോ.അനൂജ് & ഡോ.ചാന്ദ്നീസ് ഇ.എൻ.ടി ഡെന്ററൽ ക്ലിനിക്ക	ഡ്യോക്ടർ - 1 മറ്റ് ജീവനക്കാർ - 2

4. തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ള കരാറുകാർ ആരും തന്നെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. തൊഴിലുടമ മുഖേന ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതും, രേഖകൾ പരിശോധനയ്ക്കായി നൽകേണ്ടതാണ്.

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ തൊഴിലുടമ സമർപ്പിച്ച തൊഴിൽനികുതി റിട്ടേൺ, തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻകയറിക്കു (നം.13 തീ. 08.08.24) പരാമർശം 1 ലെ സ്ഥാപനങ്ങൾക്ക് ഇതിനോടകം തന്നെ നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും 2, 3 പരാമർശങ്ങളിലെ സ്ഥാപനങ്ങൾക്ക് ഈ വർഷം

തന്നെ നോട്ടീസ് നൽകുന്നതാണെന്നും കരാറുകാരിൽ നിന്നും തൊഴിൽ നികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ജീവനക്കാരിൽ നിന്നും കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

1-13 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ക്രമ നമ്പർ	ലൈസൻസ് രജിസ്റ്റർ ക്രമ നം	സ്ഥാപനം
1	74	ശ്രാവൺ എന്റർപ്രൈസസ്
2	137	ഇൻഡാലിയും മെറ്റൽ പ്രൊഡക്ട്സ് ലിമിറ്റഡ്
3	138	പൈപ്പ്സ് ആൻഡ് റൂഫ്സ് കമ്പനി
4	557	സംഗീത എൻജിനീയറിംഗ് വർക്സ
	തൊഴിൽ നികുതി രജിസ്റ്റർ ക്രമ നം	
5	31	കാനറ ബാങ്ക്

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻകൃയറിക്ക്(നം.13, തീ. 08.08.2024) ക്രമ നമ്പർ 1 മുതൽ 4 വരെയുള്ള സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുന്നതാണെന്നും കാനറ ബാങ്കിന് നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും തൊഴിൽ നികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

1-14 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് നിയമം 1994 വകുപ്പ് 232 പ്രകാരം ലൈസൻസ് കൂടാതെ ഒരു സ്ഥാപനവും പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിന്റെ 2023-24 ലെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം വിവിധ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഇവയിൽ പലതും ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്നത്. ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	സ്ഥാപനം
1	ടോഡി ഷോപ്പ്, എരുവേലി
2	ടോഡി ഷോപ്പ്, കുരീക്കാട്
3	ടോഡി ഷോപ്പ്, തുപ്പംപടി
4	കറുകപ്പറമ്പിൽ ഏജൻസീസ്
5	കറുകപ്പറമ്പിൽ ഗ്ലാസ്, പ്ലൈവുഡ് പ്രൈവറ്റ് ലിമിറ്റഡ്
6	ഇനെറ്റ് കമ്മ്യൂണിക്കേഷൻ
7	ക്ലാസ്സിക് ഫ്ലോർ ഫർണിഷിംഗ്
8	ഡൽഹിവെറി ലിമിറ്റഡ്

മേൽ സ്ഥാപനങ്ങൾക്ക് 2023-24 കാലയളവിലേക്ക് പഞ്ചായത്ത് ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.14, തീ. 08.08.24) സ്ഥാപനങ്ങൾക്ക് ലൈസൻസ് എടുക്കുന്നതിനുള്ള നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന്

മറുപടി ലഭ്യമാക്കി. മേൽ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതും പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങളെല്ലാം ചട്ടപ്രകാരമുള്ള ലൈസൻസുകളോടെയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

1-15 ആംബുലൻസ് വാടക - അപാകതകൾ

ചോറ്റാനിക്കര ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL 39 R 5826, KL 39 G 1060 നമ്പർ ആംബുലൻസുകളുടെ 2023-24 സാമ്പത്തിക വർഷത്തെ ലോഗ് ബുക്ക്, രസീത് ബുക്കുകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സർക്കാർ ഉത്തരവ് (ജി.ഒ.(എം.എസ്.)നം.246/2011/എൽ.എസ്.ജി.ഡി. തീയതി 13.10.2011) പ്രകാരം സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗ്രാമലക്ഷ്മി മുദ്രാലയം വഴിയാണ് രസീതിന്റെ അച്ചടി, തൊഴിലുടമ മുഖേന ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതും, രേഖകൾ പരിശോധനയ്ക്കായി നൽകേണ്ടതാണ്. ടി ജോലികൾ നിർവ്വഹിക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ആംബുലൻസ് വാടകയിനത്തിലുള്ള വരവ് കളക്ഷൻ ചെയ്യുന്നതിന് സർക്കാർ നിർദ്ദേശാനുസരണമുള്ള രസീത് ഉപയോഗിച്ചിട്ടില്ല. സ്വകാര്യസ്ഥാപനത്തിൽ അച്ചടിച്ച രസീത് ബുക്കാണ് ഉപയോഗിച്ചിരിക്കുന്നത്.

2. ഓരോ രസീത് ബുക്കിലുമുള്ള പേജുകളുടെ എണ്ണം സംബന്ധിച്ച സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടില്ല.

3. ആംബുലൻസ്, മൊബൈൽ ഫ്രീസർ വാടകയിനത്തിലുള്ള വരവ് കളക്ഷൻ ചെയ്യുന്നതിന് കളക്ഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4. പ്രിന്റ് ചെയ്യുന്ന രസീത് ബുക്കുകളുടെയും വിതരണം ചെയ്യുന്ന രസീത് ബുക്കുകളുടെയും നമ്പർ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

5. രസീത് പ്രകാരം ആംബുലൻസ്, മൊബൈൽ ഫ്രീസർ വാടക ഇനത്തിൽ 2023-24 സാമ്പത്തിക വർഷം 161962/- രൂപ വരവ് ലഭിച്ചിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 86012/- (76262 + 9750) രൂപയാണ് ഈ ഇനത്തിൽ വരവ് വന്നിരിക്കുന്നത്. 75950/- രൂപ പഞ്ചായത്ത് അക്കൌണ്ടിൽ അടവാക്കിയിട്ടില്ല.

6. രസീത് മുഖേന ലഭിക്കുന്ന വരവുകൾ വളരെ വൈകിയും, അടക്കേണ്ടതിനേക്കാൾ കുറഞ്ഞ തുകയുമാണ് പഞ്ചായത്ത് അക്കൌണ്ടിൽ അടവാക്കുന്നത്. ലെഡ്ജർ, രസീത് പ്രകാരം കുറവ് വന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	രസീത് നം	വരവ് ലഭിച്ച തീയതി	പഞ്ചായത്ത് അക്കൌണ്ടിൽ അടവാക്കിയ തീയതി	അടക്കേണ്ട തുക	അടവാക്കിയ തുക	കുറവ്
ആംബുലൻസ് നം KL 39 R 5826						
1	9 - 38	17.6.23-20.7.23	8.9.23	14650/-	11300/-	3350/-
2	53-83	2.10.23-27.10.23	20.11.23, 31.1.24	27150/-	14850/-	12300/-
3	84-85	2.11.23-3.11.23	അടവാക്കിയില്ല	1100/-	-	1100/-
4	86-100, 101-103	4.11.23-28.11.23	31.1.24	17400/-	12950/-	4450/-
5	106	6.12.23	അടവാക്കിയില്ല	950/-	-	950/-
6	109	11.12.23	അടവാക്കിയില്ല	950/-	-	950/-
7	112-113	18.12.23-19.12.23	അടവാക്കിയില്ല	1200/-	-	1200/-
8	118-163	30.12.23-30.3.24	അടവാക്കിയില്ല	26550/-		26550/-

ആംബുലൻസ് നം KL 39 G 1060						
9	2215-2234	18.6.23-25.3.24	അടവാക്കിയില്ല	25100/-	-	25100/-
ആകെ						75950/-

മേൽ ആപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻകെയറിക്ക് (നം. 16, തീ. 09.08.24) സർക്കാർ ഉത്തരവിനനുസരിച്ചുള്ള രസീതു ബുക്കുകൾ ഇനി ഉപയോഗിക്കുന്നതാണെന്നും കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കുന്നതാണെന്നും സ്റ്റോക്ക രജിസ്റ്ററിൽ രേഖപ്പെടുത്തലുകളും സാക്ഷ്യപ്പെടുത്തലുകളും വരുത്തുന്നതാണെന്നും മറുപടി ലഭ്യമാക്കി. തുടർന്ന ഹാജരാക്കിയ 01.04.2024 മുതൽ 08.08.2024 വരെയുള്ള ആംബുലൻസ് വാടകയുടെ ലെഡ്ജർ പ്രകാരം 05.06.2024, 04.07.2024, 07.08.2024 (ഓഡിറ്റ് ആരംഭിച്ചതിനു ശേഷം) തീയതികളിലായി യഥാക്രമം 25,000/-, 7,500/-, 30,000/- രൂപ വീതം ആംബുലൻസ് വാടക ഇനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ ഇത ഏത ആംബുലൻസിനറെ ഏത കാലയളവിലെ വാടകയാണെന്നുള്ള വിവരം ലഭ്യമല്ലാത്തതിനാൽ അടവാക്കിയ തുകയുടെ കൃത്യത ഉറപ്പ വരുത്തുവാൻ സാധിച്ചിട്ടില്ല. വാടക വരവുകൾ കൈകാര്യം ചെയ്തിരുന്ന താൽകാലിക ഡ്രൈവർ 2023 ജൂലൈയിൽ പിരിഞ്ഞു പോയതിനെ തുടർന്ന നവംബറിൽ പുതുതായി ജോലിയിൽ പ്രവേശിച്ച ഡ്രൈവറുടെ പരിചയക്കുറവ് മൂലം രസീതു ബുക്കുകളിൽ രേഖപ്പെടുത്തുന്ന വാടകയുടെ വിവരങ്ങൾ പലതിലും (സൗജന്യ സേവനങ്ങൾ രേഖപ്പെടുത്തുന്നതിലുൾപ്പെടെ) അപാകതകൾ സംഭവിച്ചിട്ടുണ്ടെന്നും രസീത ബുക്ക, ലോഗ്ബുക്ക് പരിശോധിച്ച കണക്കുകൾ കൃത്യമാക്കി തുക കൂടുതൽ അടവാക്കാനുണ്ടെങ്കിൽ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും കണക്കുകൾ കൃത്യമാക്കി പരിശോധനയ്ക്ക ഹാജരാക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചു. ഓരോ ദിവസത്തെയും കളക്ഷൻ, അടവാക്കിയ തുക സംബന്ധിച്ച മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തി കളക്ഷൻ രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതും കളക്ഷൻ തുക അക്കൗണ്ടിൽ അടവാക്കിയിട്ടുണ്ടെന്ന് ഉറപ്പ വരുത്തേണ്ടതുമാണ്. സർക്കാർ ഉത്തരവിനനുസരിച്ച മാത്രം മാനുവൽ രസീതുകൾ അച്ചടിക്കേണ്ടതും സ്റ്റോക്ക രജിസ്റ്ററിൽ അച്ചടി, വിതരണം സംബന്ധിച്ച വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതും ഓരോ രസീത് ബുക്കിലും പേജുകളുടെ എണ്ണം സംബന്ധിച്ച സാക്ഷ്യപത്രം ഉൾപ്പെടുത്തേണ്ടതുമാണ്. ആംബുലൻസ് വാടക വരവുകൾക്ക് കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ കളക്ഷൻ രജിസ്റ്റർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതും ലഭിക്കുന്ന തുകകൾ മുഴുവനും യഥാസമയം പഞ്ചായത്ത അക്കൗണ്ടിൽ വരവ വെയ്ക്കപ്പെടുന്നുണ്ടെന്ന ചുമതലപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്.

1-16 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽക്കൂട്ടിയില്ല

വാർഷികകണക്ക് B-7 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുള്ളതും മൂന്ന് വർഷ കാലാവധി കഴിഞ്ഞതുമായ താഴെച്ചേർത്തിട്ടുള്ള ഡെപ്പോസിറ്റുകൾ വരുമാനത്തിലേയ്ക്ക് മുതൽക്കൂട്ടിയിട്ടില്ല.

ക്രമ നമ്പർ	ഇനം	തുക	റിമാർക്സ്
1	ഡെപ്പോസിറ്റ് റിസീവ്ഡ് ഫ്രം അദേഴ്സ് (340800101)	1,05,500	2018-19 മുതൽ മുതൽക്കൂട്ടാതെ അവശേഷിക്കുന്നു.
2	സപ്ലൈയേഴ്സ് ഇ.എം.ഡി (340100102)	21,815	2019-20 മുതൽ മുതൽക്കൂട്ടാതെ അവശേഷിക്കുന്നു.
3	ഓക്ഷൻ ഡെപ്പോസിറ്റ് (340200102)	85,100	2019-20 മുതൽ മുതൽക്കൂട്ടാതെ അവശേഷിക്കുന്നു.
4	ഇലക്ഷൻ ഡെപ്പോസിറ്റ് (340100303)	30,000	2021-22 മുതൽ മുതൽക്കൂട്ടാതെ അവശേഷിക്കുന്നു.
5	റോഡ് കട്ടിംഗ് ഡെപ്പോസിറ്റ് (340100401)	16,000	2021-22 മുതൽ മുതൽക്കൂട്ടാതെ അവശേഷിക്കുന്നു.

വിശദീകരണമാവശ്യപ്പെട്ടതിന് (എൻകെയറി.നം-04/07.08.24) തുടർനടപടി സ്വീകരിച്ചറിയിക്കുന്നതാണെന്ന് അറിയിച്ചു. മേൽ നിക്ഷേപങ്ങൾ തനത ഫണ്ടിലേയ്ക്ക്

മുതൽക്കൂട്ടേണ്ടതും വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി കാലികമാക്കിയ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് നൽകേണ്ടതുമാണ്.

1-17 ക്രമീകരിക്കാത്ത മുൻകൂറുകൾ

വാർഷികകണക്ക് B-18 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുള്ള താഴെച്ചേർത്തിട്ടുള്ള മുൻകൂറുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

ക്രമ നമ്പർ	ഇനം	തുക	റിമാർക്സ്
1	അഡ്വാൻസ് റ്റു കോസ്റ്റ്ഫാർഡ് (460500402)	3474887	2018-19 മുതൽ ക്രമീകരിക്കാതെ അവശേഷിക്കുന്നു.
2	അദർ അഡ്വാൻസ് (460100199)	537653	2021-22 മുതൽ ക്രമീകരിക്കാതെ അവശേഷിക്കുന്നു.
3	ടെമ്പററി അഡ്വാൻസ് - ഒഫീഷ്യൽ പർപ്പസ് (460100103)	30840	2021-22 മുതൽ ക്രമീകരിക്കാതെ അവശേഷിക്കുന്നു.

പരാമർശത്തിന് മറുപടിയായി (എൻകെയറി-4) അഡ്വാൻസുകൾ പരിശോധിച്ച് ക്രമീകരിക്കുന്നതാണെന്നറിയിച്ചു. ക്രമ നമ്പർ 1 ൽ സൂചിപ്പിച്ചിട്ടുള്ള 34,74,887/-രൂപ ശ്മശാന നിർമാണത്തിനായി കോസ്റ്റ് ഫോർഡിന് അനുവദിച്ചതാണ്. ശ്മശാന നിർമാണം പൂർത്തീകരിച്ചതിനാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി മേൽ തുക ക്രമീകരിക്കേണ്ടതാണ്. ക്രമ നമ്പർ 2, 3 ൽ സൂചിപ്പിച്ചിട്ടുള്ള മുൻകൂറുകൾ ആർക്ക്, എന്താവശ്യത്തിന് നൽകിയെന്നുള്ള വിവരം ലഭ്യമാക്കിയിട്ടില്ല.
കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1, ആർട്ടിക്കിൾ 99 പ്രകാരം പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി നൽകുന്ന അഡ്വാൻസുകൾ വിശദമായ ബില്ലുകളും വൗച്ചറുകളും സഹിതം മൂന്ന് മാസത്തിനകം ക്രമീകരിക്കേണ്ടതാണ്. സമയബന്ധിതമായി ക്രമീകരിക്കുന്നതിൽ വീഴ്ച ഉണ്ടായാൽ മുൻകൂർ നൽകിയ മുഴുവൻ തുകയും അതിന്റെ 18% പിഴപലിശ സഹിതം ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.
ആയതിനാൽ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ച് കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1, ആർട്ടിക്കിൾ 99 പ്രകാരമുള്ള പലിശയടക്കം ക്രമീകരിക്കാത്ത മുൻകൂറുകൾ ബന്ധപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

1-18 സ്റ്റെയിൽ ചെക്ക് - ക്ലെയിം ചെയ്യപ്പെടാത്ത തുക തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുന്നില്ല

സ്റ്റെയിൽ ചെക്ക് ഹെഡിൽ (കോഡ്-350800101) 19,46,848/-രൂപ 31.03.2024 തീയതിയിൽ നീക്കിയിരുപ്പുണ്ട് (മുന്നിരിപ്പ്-13,47,870+തൻവർഷത്തെ തുക-598978) മുൻവർഷത്തെ നീക്കിയിരുപ്പായ 13,47,870 രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ടതിന് (എൻകെയറി-04/07.08.2024) ബന്ധപ്പെട്ട ഹെഡിന്റെ 2022-23 ലെ ലെഡ്ജറാണ് ഹാജരാക്കിയത്. 13,47,870 രൂപയുടെ അധികാരികത അനുബന്ധ രേഖകളുമായി പുനഃപരിശോധിച്ച് സ്റ്റെയിൽ ചെക്കിനത്തിൽ ലഭ്യമായതാണെന്നുറപ്പ് വരുത്തേണ്ടതാണ്. ഏതിനത്തിൽ ആർക്ക് നൽകിയ തുകയാണെന്ന് പരിശോധിച്ച് കൃത്യത വരുത്തേണ്ടതാണ്. അവകാശികൾ ഇല്ലാതെ മുടങ്ങിയ ചെക്കുകളിൻ മേൽ ലഭ്യമാകുവാനുള്ള തുകകൾ കമ്മിറ്റി തീരുമാനത്തിന് വിധേയമായി പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടി അറിയിക്കേണ്ടതുമാണ്.

1-19 ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയ തുക തിരികെ ലഭ്യമാക്കി ക്രമീകരിച്ചിട്ടില്ല

വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം (460100101) ഫെസ്റ്റിവൽ അഡ്വാൻസ് തുകയിൽ ₹20,000 രൂപ ക്രമീകരിക്കാൻ ബാക്കിയുള്ളതായി കാണുന്നു. കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 250 (3) പ്രകാരം അഡ്വാൻസ് നൽകുന്ന തുകകൾ അഞ്ച് തുല്യ ഗഡുക്കളായി തിരികെ ഈടാക്കണമെന്നും ആദ്യ ഗഡു ഒക്ടോബറിൽ നൽകുന്ന ശമ്പളത്തിൽ നിന്നും ഈടാക്കിത്തുടങ്ങണമെന്നും വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് തീയതിയിലും ക്രമീകരിക്കാതെ അവശേഷിക്കുന്ന ടി തുക സംബന്ധിച്ച് വിശദവിവരം

(അഡ്വാൻസ് കൈപ്പറ്റിയ ജീവനക്കാരന്റെ പേര്, ക്രമീകരിക്കുവാൻ ആവശേഷിക്കുന്ന തുക, ആയത് ഈടാക്കുവാൻ സ്വീകരിച്ച നടപടിയുടെ വിവരങ്ങൾ) ലഭ്യമാക്കുവാനാവശ്യപ്പെട്ടതിന് (എൻകയറി-03/07.08.2024) മേൽ തുക മുൻ സെക്രട്ടറി ശ്രീ.ഷാജി കൈപ്പറ്റിയതാണെന്നും, ടി വ്യക്തി ഈ പഞ്ചായത്തിൽ നിന്നും ആലങ്ങാട് പഞ്ചായത്തിലേയ്ക്ക് മാറിപ്പോയിട്ടുള്ളതിനാൽ അദ്ദേഹത്തിന്റെ ശമ്പളത്തിൽ നിന്നും റിക്കവറി നടത്തി അയച്ചുതരണം എന്നാവശ്യപ്പെട്ട് പല പ്രാവശ്യം മെയിലുകൾ അയക്കുകയും ഫോണിൽ ബന്ധപ്പെടുകയും ചെയ്തിട്ടുള്ളതിന് രേഖ മൂലം മറുപടി തന്നിട്ടില്ലാത്തതുമാണെന്നും വിശദീകരിച്ചു. ടി തുക ടിയാനിൽ നിന്നും ഈടാക്കുന്നതിനായി എൽ.എസ്.ജി.ഡി ഡയറക്ടർക്ക് കത്തയക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൈപ്പറ്റിയ അഡ്വാൻസ് തുക പലിശ സഹിതം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി ക്രമീകരിച്ച് വിവരമറിയിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്ന നിലയിൽ പഞ്ചായത്തിന്റെ ഉത്തമ താത്പര്യങ്ങൾ സംരക്ഷിക്കാൻ മാതൃകാപരമായി പ്രവർത്തിക്കേണ്ട ഉദ്യോഗസ്ഥൻ ഇത്തരം വീഴ്ചകൾ വരുത്തുന്നത ഗൗരവമായി കാണേണ്ടതാണ്. ഫെസ്റ്റിവൽ അഡ്വാൻസ് കൈപ്പറ്റി ഒരു വർഷം കഴിഞ്ഞിട്ടും, കൈപ്പറ്റിയ ₹20000/- ക്രമീകരിക്കാൻ പലതവണ ആവശ്യപ്പെട്ടിട്ടും, തിരിച്ചടയ്ക്കാത്ത വിവരം എൽ.എസ്.ജി.ഡി. ജോയിന്റ് ഡയറക്ടർ, ഡയറക്ടർ എന്നിവരെ അറിയിക്കേണ്ടതാണ്.

1-20 കേരള ബാങ്ക് അക്കൗണ്ട്-പലിശ ലഭ്യമാകുന്നില്ല

04.06.2021 ൽ ജില്ല സഹകരണ ബാങ്കിൽ (ചോറ്റാനിക്കര ബ്രാഞ്ച്) ആരംഭിച്ച എസ്.ബി അക്കൗണ്ടിൽ (നം-06028000000001) 11.06.2021 തീയതിയിൽ 20,00,000/- രൂപ OEN INDIA LTD ൽ നിന്നും CSR ഫണ്ടിനത്തിൽ ലഭ്യമായിരുന്നു. ആംബുലൻസ് വാങ്ങുന്നതിനായി ടി ഫണ്ടിൽ നിന്നും 9,86,782/-രൂപ 12.07.2021 തീയതിയിലും 2,61,208/-രൂപ 19.07.2021 തീയതിയിലും പിൻവലിച്ചു. പിന്നീട് കേരള ബാങ്ക് ആയപ്പോൾ അക്കൗണ്ട് നമ്പറിൽ മാറ്റം വന്നതിനാൽ (നം-140512804000013) ബാലൻസ് തുകയായ 7,52,010/-രൂപ പുതിയ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തു. എന്നാൽ മേൽ അക്കൗണ്ടിന് നാളിതുവരെ പലിശയിനത്തിൽ തുകയൊന്നും ലഭ്യമായിരുന്നില്ല. 26.03.23 ൽ 11,126/- രൂപ പലിശയായി രേഖപ്പെടുത്തിയത് 31.03.23 ൽ ക്യാൻസൽ ചെയ്തതായി പാസ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എസ്.എം.എസ് ചാർജ്ജായ 118/-രൂപ ഡെബിറ്റ് ചെയ്ത ബാക്കി 7,51,892/- രൂപയാണ് 31.03.24 ലെ നീക്കിയിരുപ്പ്. എസ്.ബി അക്കൗണ്ട് ആയിരുന്നിട്ടും പലിശ ലഭ്യമാകാത്തതിന്റെ കാരണം വ്യക്തമാക്കുവാനും ബാങ്കുമായി ബന്ധപ്പെട്ട് ഇത സംബന്ധിച്ച വിശദീകരണം തേടിയിരുന്നോ എന്നുമുള്ള എൻകയറിക്ക് (നം-12/08.08.2024) മറുപടിയായി സ്പെഷ്യൽ പർപ്പസ് എസ്.ബി. അക്കൗണ്ട് ആയതിനാലാണ് ക്രെഡിറ്റ് ചെയ്ത പലിശ തിരികെ എടുത്തതെന്നും ടി അക്കൗണ്ട് സ്പെഷ്യൽ പർപ്പസിൽ നിന്ന് മാറ്റി സാധാരണ എസ്.ബി. അക്കൗണ്ടിലേയ്ക്ക് മാറ്റി അർഹമായ പലിശ അനുവദിക്കുന്നതാണെന്ന് ബാങ്ക് അധികൃതർ അറിയിച്ചിട്ടുണ്ടെന്നും മേൽ അക്കൗണ്ട് സി.എസ്.ആർ. ഫണ്ട് നിക്ഷേപിക്കുവാൻ ഉദ്ദേശിച്ച് ആരംഭിച്ചതാണെന്നും വിശദീകരിച്ചു. പലിശയിനത്തിലുള്ള തുക ലഭ്യമാകുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചറിയിക്കേണ്ടതുമാണ്.

1-21 ഇ-പേയ്മെന്റ്-വസ്തു നികുതിയിനത്തിൽ പഞ്ചായത്തിന് ലഭ്യമാകാനുള്ളത് 6.8 ലക്ഷം രൂപ

വാർഷികകണക്ക് പരിശോധനയുമായി ബന്ധപ്പെട്ട് എസ്.ബി.ഐ. ഇ-പേയ്മെന്റ് അക്കൗണ്ടിന്റെ (SBI-37274987272) റീകൺസീലിയേഷൻ പത്രിക ഹാജരാക്കിയത പ്രകാരമുള്ള വിവരം താഴെച്ചേർക്കുന്നു.

ബാങ്ക് ബുക്ക് ബാലൻസ് 31.03.24 ലേത്	15,32,792
(കുറയ്ക്കുക) പണമാക്കാത്ത ചെക്കുകൾ	14,71,159
പാസ് ബുക്ക് ബാലൻസ് 31.03.24 ലേത്	61,633

2019-20, 2020-21, 2021-22 വർഷങ്ങളിലെ സഞ്ചയ വസ്തുനികുതി ഇ-പേയ്മെന്റ് തുകയാണ് 14,71,159/- രൂപ. ഐ.കെ.എം അക്കൗണ്ടിലുള്ള പ്രസ്തുത തുക പഞ്ചായത്തിന് ലഭ്യമാകുന്നതിലേയ്ക്ക് 08.05.2023 ൽ ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക്, സെക്രട്ടറി കത്തയച്ചതിന്റെ അടിസ്ഥാനത്തിൽ 11,62,782/-രൂപ 25.03.2024 തീയതിയിൽ ബാങ്ക് ഓഫ് ബറോഡയിലെ 62660100010416-ാം നമ്പർ അക്കൗണ്ടിൽ ലഭ്യമായി. എന്നാൽ മേൽ മൂന്ന് വർഷങ്ങളിലെ കുടിശ്ശികയിനത്തിൽ 3,08,377/- രൂപയും ഓഡിറ്റ് വർഷത്തെ നികുതിയിനത്തിൽ 3,71,745/-രൂപയും ഉൾപ്പെടെ ആകെ രൂപ 6,80,122/- രൂപ ഇനിയും ലഭ്യമാകുവാൻ അവശേഷിക്കുന്നു. തീയതി, തുക

എന്ന ക്രമത്തിൽ കിട്ടുവാൻ അവശേഷിക്കുന്ന 6,80,122/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല (എൻകെയറി നമ്പർ-11/08.08.24) തുകയുടെ വിശദാംശങ്ങൾ നൽകേണ്ടതും ഐ.കെ.എം. മായി ബന്ധപ്പെട്ട് കാലതാമസം കൂടാതെ കുടിശ്ശിക തുകകൾ ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

1-22 നെൽക്കൃഷി-പുരയിടകൃഷി വികസന പ്രോജക്ടുകൾ- സബ്സിഡി തുക ഗുണഭോക്താക്കൾക്ക് ലഭ്യമായില്ല

കൃഷി ഓഫീസർ നിർവഹണോദ്യോഗസ്ഥയായി തൻവർഷം നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളിൽ പുരയിടകൃഷിക്കും നെൽകൃഷിക്കും കൂലിച്ചെലവ് സബ്സിഡി നൽകിയിട്ടുണ്ട്. എന്നാൽ ഇരു പ്രോജക്ടുകളിലുമായി രണ്ട് ഗുണഭോക്താക്കൾക്ക് ആനുകൂല്യം അവരുടെ അക്കൗണ്ടിൽ ലഭ്യമായില്ല. പ്രോജക്ട് വിവരങ്ങൾ താഴെച്ചേർക്കുന്നു.

I.

പ്രോജക്ട് നം, പേര്	56/24 സുഭിക്ഷ സമഗ്ര പുരയിടക്കൃഷി
അടങ്കൽ	ആകെ- 11,79,750 /- 6,99,985/-(വികസന ഫണ്ട്) 4,79,765/- (മറ്റുള്ളവ)
ചെലവ്	6,99,985/-(വികസന ഫണ്ട്)
ബിൽ.നം-തീയതി	257/08.12.2023
നിർവഹണോദ്യോഗസ്ഥ	കൃഷി ഓഫീസർ

II.

പ്രോജക്ട് നം, പേര്	197/24 (SO) സുഭിക്ഷ സ്ഥിരനെൽക്കൃഷി കൂലിച്ചെലവ് സബ്സിഡി
അടങ്കൽ	4,34,700/-(വികസന ഫണ്ട്)
ചെലവ്	4,34,700/-
ബിൽ.നം-തീയതി	47/27.05.2023
നിർവഹണോദ്യോഗസ്ഥ	കൃഷി ഓഫീസർ

സമഗ്രപുരയിട കൃഷി വികസനത്തിന്റേയും നെൽകൃഷി വികസനത്തിന്റേയും പ്രോജക്ടിൽ ഉൾപ്പെടുത്തി കൂലിച്ചെലവ് നൽകുന്നതുമായി ബന്ധപ്പെട്ട ട്രഷറി ബില്ലുകളുടെ സാംഖ്യ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ചതിൽ ഇരു പ്രോജക്ടുകളിലുമായി രണ്ട് ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം ലഭ്യമായിട്ടില്ലായെന്ന് വ്യക്തമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗുണഭോക്താവിന്റെപേര്, അക്കൗണ്ട് നം.	ബിൽ റിഫറൻസ് നമ്പർ	ബിൽ പ്രകാരം ട്രാൻസ്ഫർ ചെയ്യപ്പെടേണ്ട തുക	അക്കൌണ്ട് സ്റ്റാറ്റസ്
പ്രോജക്ട് നം,-56/24			
ജോർജ് 200701010003648(VIJB)	BRN-23110652010400908123, തീയതി-08.12.23,	1958/-	റിട്ടേൺ ടു ഗവൺമെന്റ് അക്കൗണ്ട
പ്രോജക്ട്നം,-197/24(so)			
ചാക്കോ.സി.ഒ 62660100006097(BARB)	BRN-23110652010400135966 27.05.23	2250/-	റിട്ടേൺ ടു ഗവൺമെന്റ് അക്കൗണ്ട
ആകെ		4208/-	

ഗുണഭോക്താവിന്റെ അക്കൗണ്ട് നമ്പർ കൃത്യമായി രേഖപ്പെടുത്താത്തത് കൊണ്ടും സമർപ്പിക്കപ്പെട്ട ബില്ലുകളുടെ ട്രഷറിയിലെ നിജസ്ഥിതി നിർവഹണ ഉദ്യോഗസ്ഥൻ

അന്വേഷിച്ച് പിശക് പരിഹരിക്കാത്തത് കൊണ്ടുമാണ് ഇപ്രകാരം സംഭവിക്കുന്നതെന്നും ഇത്തരം അനാസ്ഥ ഉണ്ടാകാതിരിക്കുവാൻ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണെന്നും തദ്ദേശ സ്വയംഭരണവകുപ്പ് 31.07.2023 തീയതിയിൽ പുറപ്പെടുവിച്ച DA1/264/2023 ാം നമ്പർ സർക്കുലറിൽ നിർദ്ദേശിക്കുന്നുണ്ട്.

അപാകതയ്ക്ക് വിശദീകരണമാവശ്യപ്പെട്ടതിന് (എൻക്വയറി-18/09.08.24) സാംഖ്യ വെബിനറെ തകരാർ മൂലം അക്കൗണ്ട് കറക്ഷൻ ചെയ്യുമ്പോൾ എറർ കാണിക്കുന്നുവെന്നും ഏത് സമയത്തും കറക്ഷൻ ചെയ്യുന്നതിനുള്ള അനുമതി നൽകണമെന്നും പേരിലും വിലാസത്തിലും ഉള്ള തിരുത്തലുകൾ നിലവിൽ വെബിൽ സാധ്യമാകുന്നില്ലായെന്നും സബ്മിഡി ലഭിച്ചില്ലായെന്ന് കാണുമ്പോൾ വീണ്ടും തിരുത്തൽ വരുത്തുന്ന സമയമാണ് റിട്ടേൺ ടു ഗവൺമെന്റ് അക്കൗണ്ട് എന്ന് കാണിക്കുന്നതെന്നും മറുപടിയിൽ വിശദീകരിച്ചു. മേൽ അപാകതകൾ ഐ.കെ.എം നറെ ശ്രദ്ധയിൽ പെടുത്തി പരിഹാരം തേടേണ്ടതാണ എന്നറിയിക്കുന്നു. പട്ടികയിൽ സൂചിപ്പിച്ച മേൽ രണ്ട് ഗുണഭോക്താക്കൾക്കും ആനുകൂല്യം ലഭ്യമാകുന്നതിലേയ്ക്ക് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. അർഹമായ ആനുകൂല്യം ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ വരവായതിനറെ രേഖകൾ ഹാജരാക്കുന്നത വരെ 4208/-രൂപ തടസ്സപ്പെടുത്തുന്നു.

1-23 തരിശ് നെൽകൃഷി-ഗുണഭോക്തൃലിസ്റ്റിൽ പെടാത്തവർക്ക് അംഗീകാരം നൽകി

പ്രോജക്ട് നം, പേര്	60/24 തരിശ് നിലങ്ങളിലെ നെൽകൃഷി
അടങ്കൽ	ആകെ- 80,000/- 1)32000/- വികസന ഫണ്ട് 2)24000/- ബ്ലോക്ക് പഞ്ചായത്ത് 3)24000/- ജില്ല പഞ്ചായത്ത്
ചെലവ്	ആകെ- 80,000/- 1)32000/- വികസന ഫണ്ട് 2)24000/- ബ്ലോക്ക് പഞ്ചായത്ത് 3)24000/- ജില്ല പഞ്ചായത്ത്
ബിൽ.നം-തീയതി	1)32000/- , 345/15.02.2024 (വികസന ഫണ്ട്) 2)24000/- BRN-23110652010401232224/16.02.24 (ബ്ലോക്ക് വിഹിതം) 3)24000/- BRN-23110652010401220944/15.02.24 (ജില്ല പഞ്ചായത്ത് വിഹിതം)
നിർവഹണോദ്യോഗസ്ഥ	കൃഷി ഓഫീസർ

റജി വർഗീസ് എൻ, ഒപെലി പി.വി, മുരളീധരൻ എൻ.ആർ, ഷാജി.എം.ഒ, ഷെറിൻ ജോൺ എന്നീ അഞ്ച് ഗുണഭോക്താക്കൾക്കാണ് മേൽ പ്രോജക്ട് പ്രകാരം തരിശ് നിലങ്ങളിൽ കൃഷി ചെയ്യുന്നതിനുള്ള ആനുകൂല്യം അനുവദിച്ചത്. ഓഡിറ്റിനായി ഹാജരാക്കിയ പദ്ധതിയുടെ 7 പേരടങ്ങുന്ന ഗുണഭോക്തൃലിസ്റ്റിൽ (02.03.2023 തീയതിയിലെ 1(2)ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചത്) പൈലി പി.വി (ക്രമ.നം-5, വാർഡ്-10), മുരളീധരൻ എൻ.ആർ (ക്രമ.നം-6, വാർഡ്-9) എന്നീ രണ്ട് പേർ മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ. വാർഡ് 9-ലെ 2023-24 ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭ യോഗമിനിറ്റ്സ് പരിശോധിച്ചതിൽ (യോഗതീയതി-02.07.23, Page-109 മുതൽ 127 വരെ) മുരളീധരൻ എൻ.ആർ എന്ന ഗുണഭോക്താവിനെ അംഗീകരിച്ചതായി കാണുന്നില്ല. സമാനമായി വാർഡ് 10-ലെ 2023-24 ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭ യോഗമിനിറ്റ്സ് പരിശോധിച്ചതിൽ (യോഗതീയതി-02.07.23, Page-119 മുതൽ 140 വരെ) പൈലി പി വി എന്ന ഗുണഭോക്താവിനേയും അംഗീകരിച്ചതായി കാണുന്നില്ല. തരിശ് കൃഷി എന്ന പ്രോജക്ട് ഇരു വാർഡുകളിലേയും ഗ്രാമസഭയുടെ പരിഗണനയ്ക്ക് വന്നിട്ടില്ല.

മറ്റ് മൂന്ന് ഗുണഭോക്താക്കളായ റജി വർഗീസ് എൻ, ഷാജി എം.ഒ, ഷെറിൻ ജോൺ എന്നിവർക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകാരവും ഗ്രാമസഭ അംഗീകാരവും ലഭിച്ചിട്ടില്ല. പഞ്ചായത്ത് പരിധിയിൽ താമസമാണെന്നതിനറെ രേഖകൾ (ആധാർ കാർഡ് പകർപ്പ്) മുരളീധരൻ എൻ.ആർ ഷാജി.എം.ഒ എന്നിവരുടെ അപേക്ഷയിൽ മാത്രമാണുള്ളത്. ബാക്കി മൂന്ന് പേരുടെ താമസസ്ഥലം പഞ്ചായത്തിലാണെന്ന

തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ അപേക്ഷകളിൽ മേൽവിലാസത്തിനൊപ്പം വാർഡ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.
മൂന്ന് വർഷത്തിലധികമായി കാർഷിക പ്രവൃത്തികൾ ചെയ്തിട്ടില്ലാത്ത ഭൂമിയിലാണ് കൃഷി ചെയ്തതെന്ന കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല (സബ്സിഡി മാർഗരേഖ (സ.ഉ(കൈ നം-115/22/തസ്വഭവ, തീയതി-28.05.2022, ഖണ്ഡിക 8.1)
പാട്ടക്കൃഷിയാണ് ചെയ്തിട്ടുള്ളത് എന്നതിനാൽ പാട്ടത്തിനെടുത്ത് കൃഷി ചെയ്തതാണെന്ന നിർവഹണോദ്യോഗസ്ഥനറെ സാക്ഷ്യപത്രം വേണ്ടതാണ് (സബ്സിഡി മാർഗരേഖ (സ.ഉ(കൈ നം-115/22/തസ്വഭവ, തീയതി-28.05.2022, ഖണ്ഡിക 9A.8) എന്നാൽ ഇത്തരത്തിൽ സർട്ടിഫിക്കറ്റ് നൽകിയതായി കാണുന്നില്ല.
ഓഡിറ്റ് എൻകുയറി മുഖേന (നം- 20/09.08.2024) വിശദീകരണമാവശ്യപ്പെട്ടതിന് മറുപടിയായി പാട്ടക്കൃഷി ചെയ്യുന്ന കർഷകർ കൃഷി ചെയ്യുന്ന സമയത്ത് മാത്രമാണ് കൃഷിഭവനുമായി ബന്ധപ്പെടുന്നതെന്നും സൗകര്യാർത്ഥം മറ്റ പഞ്ചായത്തുകളിലും ഇവർ കൃഷി ചെയ്ത വരുന്നുണ്ടെന്നും അത് കൊണ്ട് തന്നെ മറ്റ വാർഡുകളിലെ ഗ്രാമസഭയിൽ പങ്കെടുക്കുവാൻ കഴിയില്ലായെന്നുമാണ് വിശദീകരിച്ചത്. പാട്ടത്തിനെടുത്ത കൃഷി സ്ഥലം പഞ്ചായത്ത് പരിധിയിൽ ആയാലും അല്ലെങ്കിലും പഞ്ചായത്തിൽ താമസമാക്കിയിട്ടുള്ള കർഷകർക്കാണ് ആനുകൂല്യം അനുവദിക്കേണ്ടത്. കർഷകരുടെ താമസസ്ഥലം ഉൾപ്പെടുന്ന വാർഡ് സഭ അവരെ അംഗീകരിക്കണം എന്നിരിക്കെ മേൽ മറുപടി സ്വീകാര്യമല്ല.
പതിനാലാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗരേഖ (സ.ഉ(കൈ)നം-84/22/തസ്വഭവ, തീയതി-19.04.22, പൊതുവ്യവസ്ഥകൾ, ഖണ്ഡിക-12.3 പ്രകാരം അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭ അന്തിമമായി തയ്യാറാക്കി നൽകേണ്ടതും ആയത് മുൻഗണന ക്രമം മാറ്റാതെ ഭരണസമിതി അംഗീകരിക്കേണ്ടതുമാണ്. ആയതിനാൽ മേൽ പ്രോജക്ട് മുഖേന ആനുകൂല്യം കൈപ്പറ്റിയ അഞ്ച ഗുണഭോക്താക്കളേയും അതാത് ഗ്രാമസഭയിൽ അവതരിപ്പിച്ച സാധൂകരണം വാങ്ങേണ്ടതാണ്. ഗുണഭോക്താക്കൾക്ക് ഗ്രാമസഭ സാധൂകരണം ലഭ്യമായതിനറെ രേഖകൾ ഹാജരാക്കുന്നത വരെ ചെലവ് (80,000/-രൂപ) തടസ്സപ്പെടുത്തുന്നു.

1-24 സി.എസ്.ആർ ഫണ്ട് - കൃത്യമായ കണക്കുകൾ സൂക്ഷിക്കേണ്ടതാണ്.

OEN LTD, OEN AMPHENOL LTD എന്നീ സ്ഥാപനങ്ങളിൽ നിന്ന് സി.എസ്.ആർ ഫണ്ടിനത്തിൽ ഗ്രാമപഞ്ചായത്തിന് തുക ലഭ്യമാകുന്നുണ്ട്. പക്ഷേ തുക ഏത അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നതെന്ന് വ്യക്തമല്ല. 31.03.22 ൽ 320200305 ാം നമ്പർ ഹെഡിൽ അവശേഷിക്കുന്ന 10,000/- രൂപ OEN India Ltd ൽ നിന്നും CSR ഫണ്ട് ഇനത്തിൽ ലഭിച്ചതാണെന്ന് 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (ഖണ്ഡിക-1-12) കാണുന്നു. എന്നാൽ ആയത് 2019-20 മുതൽ പഞ്ചായത്ത് ജനറൽ ഫണ്ടിനറെ ഓപ്പണിംഗ് ബാലൻസായി ചെക്ക് കൃാരി ഓവർ ചെയ്ത വരുന്ന തുകയാണെന്നും OEN നിന്ന് ലഭിച്ചതല്ലായെന്നുമാണ് എൻകുയറിയ്ക്കുള്ള മറുപടിയിലൂടെ (നം- 12/08.08.24) വിശദീകരിച്ചത്. അത് പോലെ 320200299-ാം നമ്പർ ഹെഡിൽ വരവായി കാണിച്ചിരിക്കുന്ന 234600/-രൂപ സി.എസ്.ആർ ഫണ്ടാണോ എന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടതിന് ആയത് സി.എസ്.ആർ ഫണ്ടല്ലായെന്നും പി.എഫ്.എം.എസ് മുഖേന ലഭ്യമായതാണെന്നും ആയത് ഏത തരത്തിൽ വന്നതാണെന്ന് ട്രഷറിയുമായി ബന്ധപ്പെട്ട വിവരം നൽകുന്നതാണെന്നും അറിയിച്ചു. 320100148 നമ്പർ ഹെഡിൽ ഓഡിറ്റ് വർഷം വരവ് രേഖപ്പെടുത്തിയ 819178/-രൂപ സി.എസ്.ആർ ഫണ്ടായി AMPHENOL LTD ൽ നിന്ന് ലഭ്യമായതാണെന്നും യൂക്കോ ബാങ്കിലുള്ള തനത ഫണ്ട് അക്കൗണ്ടിലാണ് നിക്ഷേപിച്ചതെന്നും അറിയിച്ചു. 2023-24 വർഷം സി.എസ്.ആർ ഫണ്ടായി ലഭ്യമായതും ചെലവഴിച്ചതുമായ തുകകളുടെ വിവരവും നൽകുവാൻ ആവശ്യപ്പെട്ടതിന് (എൻകുയറി നം- 12/08.08.24) 7,00,000/-രൂപ 2023-24 വർഷം ലഭ്യമായെന്നും ടി തുകയിലെ 6,40,370/-രൂപ ജനകീയ ഹോട്ടൽ അനുബന്ധസൗകര്യങ്ങൾക്കായി ചെലവഴിച്ചുവെന്നും ബാക്കി തുകയും ഹോട്ടലിന വേണ്ടി തന്നെ 2024-25 വർഷം ചെലവഴിക്കുന്നതാണെന്നും അറിയിച്ചു. 7,00,000/-രൂപ ഏത അക്കൗണ്ടിൽ നിക്ഷേപിച്ചു എന്നത വ്യക്തമാക്കിയിട്ടില്ല. മാത്രമല്ല ലഭ്യമായ വിവരങ്ങൾ അടിസ്ഥാനപ്പെടുത്തിയാൽ സി എസ് ആർ ഫണ്ടായി തൻ വർഷം 7,00,000+8,19,178 = 15,19,178/-രൂപ ലഭ്യമായിട്ടുണ്ട്. ആയതിനാൽ രേഖകൾ പരിശോധിച്ച സി.എസ്.ആർ ഫണ്ടിനത്തിൽ ലഭ്യമായതും ചെലവായതും ബാലൻസുള്ളതുമായ തുകകളുടെ വിവരം, തുക നിക്ഷേപിച്ച അക്കൗണ്ടിനറെ വിവരം എന്നിവ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. 320200305-ാം നമ്പർ ഹെഡിൽ ശേഷിക്കുന്ന 10,000/- രൂപയുടേയും 320200299-ാം നമ്പർ ഹെഡിൽ വരവായി കാണിച്ചിരിക്കുന്ന 234600/-രൂപയുടേയും കൃത്യമായ വിവരം ഓഡിറ്റിൽ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

1-25 പി.ഡബ്ല്യു.ഡി.മെക്കാനിക്കൽ വിഭാഗം സ്ക്രാപ്പ് വില നിശ്ചയിച്ചു നൽകിയെങ്കിലും വാഹനം ലേലം ചെയ്തില്ല.

2023-24 സാമ്പത്തിക വർഷം 230/24 പ്രൊജക്ട് പ്രകാരം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി GeM മുഖേന 11,95,110/-രൂപ ചെലവഴിച്ച് ഔദ്യോഗിക ആവശ്യത്തിന് മഹീന്ദ്ര ബൊലേറോ വാഹനം വാങ്ങി (KL-39T 9349). നിലവിൽ ഉപയോഗിച്ചിരുന്ന ഔദ്യോഗിക വാഹനം KL-39A 1756 രജിസ്ട്രേഷൻ നമ്പരിലുള്ള മഹീന്ദ്ര ബൊലേറോ വാഹനം ഖണ്ഡം ചെയ്ത് നൽകുന്നതിനായി പി.ഡബ്ളിയു.ഡി.മെക്കാനിക്കൽ വിഭാഗം 19.10.23 തീയതിയിൽ പരിശോധന നടത്തി. വാഹനത്തിന് 15 വർഷത്തിൽ അധികം പഴക്കമുള്ളതിനാൽ രജിസ്ട്രേഷൻ റദ്ദ് ആവുന്നതാണെന്നും വാഹനം കേന്ദ്ര പൊതു മേഖല സ്ഥാപനമായ മെറ്റൽ സ്ക്രാപ്പ് ട്രേഡിംഗ് കോർപ്പറേഷന്റെ ഇ-പോർട്ടൽ വഴി (MSTC)ലേലം ചെയ്ത് രജിസ്ട്രേഡ് വെഹിക്കിൾ സ്ക്രാപ്പിംഗ് ഫെസിലിറ്റിക്ക്(RVSF) കൈമാറുന്നതിനായി വാഹനത്തിന്റെ സ്ക്രാപ്പ് വിലയായി 38,000/-രൂപ നിശ്ചയിച്ചതായും സൂചിപ്പിച്ചു കൊണ്ട് പി.ഡബ്ല്യു.ഡി.മെക്കാനിക്കൽ വിഭാഗം അസി.എക്സിക്യൂട്ടീവ് എൻജിനീയർ ഡി3/706/89/LB VVEKM/28.10.23 നമ്പർ കത്ത് സെക്രട്ടറിക്ക് നൽകി. എന്നാൽ വാഹനം നാളിതു വരെയായും ലേലം ചെയ്തിട്ടില്ല. മേൽ വിഷയം സംബന്ധിച്ച നൽകിയ 24/12.8.24 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി വാഹനം സ്ക്രാപ്പ് ചെയ്യുന്നതിന് പി.ഡബ്ല്യു.ഡി.യിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുള്ളതാണെന്ന് അറിയിച്ചു. വാഹനം എം.എസ്.ടി.സി.മുഖേന ലേലം ചെയ്ത തുക തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി അറിയിക്കേണ്ടതാണ്.

1-26 ഔദ്യോഗിക വാഹനത്തിന്റെ ഡ്രൈവർക്ക് ദൈനംദിന ജോലിയുടെ ഭാഗമായി യാത്രാബത്ത അനുവദനീയമല്ല

കെ.എസ്.ആർ.ഭാഗം II ലെ ചട്ടങ്ങൾ പ്രകാരം ഒരു ജീവനക്കാരൻ തന്റെ ഹെഡ്കപ്പാർട്ടേഴ്സിൽ നിന്നും 8 കിലോമീറ്ററിൽ കൂടുതൽ ദൂരം ഔദ്യോഗികാവശ്യങ്ങൾക്കു മുൻകൂർ അനുമതിയോടെ യാത്ര ചെയ്താൽ യാത്രാബത്തയ്ക്ക് അർഹതയുണ്ടായിരിക്കും. ഡ്രൈവർമാർ ദൈനംദിന ജോലിയുടെ ഭാഗമായാണ് വാഹനം ഓടിക്കുന്നത്.ആയതിനാൽ യാത്ര ബത്തയ്ക്ക് അർഹതയില്ല. ഇത സംബന്ധിച്ച നമ്പർ 2629474/വ്യയം-സി/104/2023-ധന, തീ.15.02.24 പ്രകാരം ധനകാര്യ വകുപ്പ പ്രിൻസിപ്പൽ സെക്രട്ടറി സൃഷ്ടീകരണം നൽകിയിട്ടുണ്ട്. സർക്കാർ നിർദേശങ്ങൾ പാലിക്കാതെ, ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവർ അരുൺ കുമാറിന് ചുവടെ ചേർത്തിരിക്കുന്നതു പ്രകാരം ദൈനംദിന ജോലികളുടെ ഭാഗമായുള്ള യാത്രകൾക്ക് ടി.എ. അനുവദിച്ചിട്ടുണ്ട്.

ടി.എ.അനുവദിച്ച മാസം	തുക	വൗച്ചർ നമ്പർ / തീയതി
07/22 മുതൽ 12/22 വരെ	8125/-	22301066/29.11.23
01/22 മുതൽ 06/22 വരെ	8051/-	22300715/25.9.23
ആകെ	16176/-	

ഇത് സംബന്ധിച്ച് വിശ്രദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 27/12.8.24 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സർക്കാർ നിർദേശം പാലിക്കുന്നതാണെന്നും അപാകതകൾ ആവർത്തിക്കില്ലെന്നും മറുപടി നൽകി.

1-27 വിച്ഛേദിച്ച പൊതു ടാപ്പുകളുടെ കൃത്യമായ കണക്ക് ലഭ്യല്ല- വെള്ളക്കരം അടവാക്കാത്തതിനാൽ വൻ തുക കുടിശിക

ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രതിമാസം വെള്ളക്കരം അടവാക്കിയിരുന്ന 181 പൊതു ടാപ്പുകളിൽ 29 എണ്ണം വിച്ഛേദിക്കുന്നതിന് വാട്ടർ അതോറിറ്റി 70,000/-രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കുകയും 60,000/-രൂപ 2022-23 വർഷം അടവാക്കുകയും ചെയ്തു.10,000/-രൂപ അടവാക്കിയിട്ടില്ല.ശേഷിക്കുന്ന 152 പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതിന് 2023-24 വർഷം വാട്ടർ അതോറിറ്റി 410000/-രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കുകയും 10,000/-രൂപ കുറച്ച് 400000/-രൂപ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായുള്ള പ്രൊജക്ട് നമ്പർ 27/24 പ്രകാരം പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നും അടവാക്കുകയും ചെയ്തു(TRN-001500/21.6.23).181 പൊതു ടാപ്പുകൾ വിച്ഛേദിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ച ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് (23/12.8.24) ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് കേരള വാട്ടർ

അതോറിറ്റി അസി.എക്സിക്യൂട്ടീവ് എൻജിനീയർ സെക്രട്ടറിക്ക് നൽകിയ DB3-12810/2023/16.01.24 നമ്പർ കത്ത് ഹാജരാക്കി. 2023-24 വർഷം വിച്ഛേദിക്കുവാൻ തുക അടവാക്കിയ 151 പൊതു ടാപ്പുകളിൽ 141 എണ്ണം വിച്ഛേദിച്ച പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും 10 പൊതുടാപ്പുകൾ പൊതുജനങ്ങളുടെ ഉപരോധം മൂലം വിച്ഛേദിക്കുവാനായില്ലെന്നും തുടർ നിർദേശങ്ങൾ വാട്ടർ അതോറിറ്റിക്കു ലഭ്യമാക്കണമെന്നുമാണ് കത്തിൽ പരാമർശിച്ചിട്ടുള്ളത്. എന്നാൽ പഞ്ചായത്ത് കത്തിന്മേൽ തുടർ നടപടിയൊന്നും സ്വീകരിച്ചില്ല. 152 പൊതുടാപ്പുകൾ വിച്ഛേദിക്കാനാണ് പഞ്ചായത്ത് ആവശ്യപ്പെട്ടത്. എന്നാൽ 151 ടാപ്പുകളുടെ കാര്യം മാത്രമേ വാട്ടർ അതോറിറ്റിയുടെ കത്തിൽ പരാമർശിച്ചിട്ടുള്ളൂ. അവശ്രേഷിക്കുന്ന 1 ടാപ്പിന്റെ കാര്യത്തിൽ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട വ്യക്തത വരുത്തിയിട്ടില്ല. ഇതു കൂടാതെ 2022-23 വർഷം വിച്ഛേദിക്കുവാൻ തുക അടവാക്കിയ 29 ടാപ്പുകൾ വിച്ഛേദിച്ചുവോയെന്നു വ്യക്തമല്ല.

2023 ഏപ്രിൽ മാസം 181 ടാപ്പുകളുടെയും 2023 ഒക്ടോബർ മാസം 131 ടാപ്പുകളുടെയും 2024 ഫെബ്രുവരി മാസം 41 ടാപ്പുകളുടെയും വെള്ളക്കരം ആണ് ഡീമാന്റ് ചെയ്തിട്ടുള്ളത്.അവസാനമായി ഗ്രാമപഞ്ചായത്തിൽ ലഭിച്ച ജൂലായ്-2024 ലെ ബില്ലിൽ 29 ടാപ്പുകളുടെ വെള്ളക്കരമാണ് ഡിമാന്റ് ചെയ്തിട്ടുള്ളത്.181 പൊതു ടാപ്പുകളിൽ ആകെ എത്ര എണ്ണം വിച്ഛേദിച്ചുവെന്നുള്ള കൃത്യമായ കണക്ക് വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കേണ്ടതും ടാപ്പുകൾ വിച്ഛേദിച്ചതനുസരിച്ച വെള്ളക്കരത്തിൽ കുറവു വരുത്താനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

വെള്ളക്കരം അടവാക്കുന്നില്ല-വൻ തുക കുടിശിക

2023 ഏപ്രിൽ മാസം 181 ടാപ്പുകൾക്ക് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്ത തന്മാസ ബിൽ തുകയായ 219598/- രൂപയിൽ സി.എഫ്.സി.ടൈഡ് ഗ്രാന്റിൽ നിന്നും 195000/- രൂപ അടവാക്കിയതിനു ശേഷം നാളിതു വരെ ഗ്രാമപഞ്ചായത്ത് വെള്ളക്കരം ഇനത്തിൽ തുകയൊന്നും വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടില്ല. 2023 മെയ് മുതൽ 2024 ജൂലായ് വരെ എല്ലാ മാസവും വാട്ടർ അതോറിറ്റി ബില്ലുകൾ നൽകിയിട്ടുണ്ട്. 2023 ഏപ്രിൽ മാസത്തെ ബിൽ പ്രകാരം, കുടിശിക 801951/-രൂപ, ഫൈൻ 15519/-രൂപ, 181 ടാപ്പുകളുടെ തന്മാസത്തെ വെള്ളക്കരം 219598/-രൂപ എന്നിവ അടക്കം 10,37,068/-രൂപയാണ് പഞ്ചായത്ത് അടവാക്കേണ്ടിയിരുന്നത്. ഇതിൽ 195000/- രൂപ അടവാക്കി. 2024 ജൂലായ് മാസത്തെ ബിൽ പ്രകാരം, കുടിശിക35,37,427/-രൂപ, പിഴ 69401/-രൂപ, 29 ടാപ്പുകളുടെ തന്മാസത്തെ വെള്ളക്കരം 35,184/-രൂപ എന്നിവ അടക്കം 36,42,012/-രൂപയാണ് പഞ്ചായത്തിന്റെ ബാദ്ധ്യത. 2023 ഏപ്രിൽ മാസം ഉണ്ടായിരുന്ന 181 എണ്ണത്തിൽ നിന്നും 2024 ജൂലായ് ആയപ്പോൾ ടാപ്പുകളുടെ എണ്ണം 29 ആയെങ്കിലും പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ പുലർത്തി വെള്ളക്കരം യഥാസമയം അടവാക്കാതിരുന്നതു മൂലം 2023-24 സാമ്പത്തിക വർഷം തുടക്കത്തിൽ കുടിശ്ശിക ഇനത്തിൽ ബാദ്ധ്യത ഉണ്ടായിരുന്ന തുകയേക്കാൾ 26 ലക്ഷത്തിലധികം രൂപയായി 2024 ജൂലായ് മാസം ആയപ്പോൾ ബാദ്ധ്യത വർദ്ധിക്കുകയാണ് ചെയ്തത്. വെള്ളക്കരം യഥാസമയം അടവാക്കാതിരുന്നതാൽ കുടിശ്ശിക തുക പിഴപ്പലിശ അടക്കം ഭീമമാകുകയും ആയത് പഞ്ചായത്തിന് അർഹമായ ഗ്രാന്റ് തുകയിൽ നിന്നും സർക്കാർ ഈടാക്കുവാൻ സാദ്ധ്യത നിലനിൽക്കുകയും ചെയ്യുന്നു.കൂടാതെ സ.ഉ(കൈ) നം.119/2002/എൽ.എസ്.ജി.ഡി., തീ.06.06.2022 ഉത്തരവിൽ വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. എന്നീ സ്ഥാപനങ്ങളിൽ അടവാക്കാനുള്ള തുക യഥാസമയം അടവാക്കേണ്ട ഉത്തരവാദിത്തം ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് ആണെന്നും തുക അടവാക്കുന്നതിൽ വരുന്ന അകാരണമായ കാലതാമസത്തിനുള്ള പിഴ സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യത ആയിരിക്കുന്നതാണെന്നും പരാമർശിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട വെള്ളക്കരം അടവാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-28 ഐ.എസ്.ഒ.സർട്ടിഫിക്കേഷൻ - കൺസൾട്ടൻസി ചാർജ് നൽകിയത് - അപാകതകൾ

പ്രൊജക്ട് നമ്പർ	22/24
പ്രൊജക്ടിന്റെ പേര്	ഐ.എസ്.ഒ.സർട്ടിഫിക്കേഷൻ ചെലവുകൾ
നിർവ്വഹണോദ്യോഗസ്ഥ	സെക്രട്ടറി
അടങ്കൽ	1,50,000/-(തനത് ഫണ്ട്) 4,22,703/-(മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ്) ആകെ-5,72,703/-

ചെലവ്	73,500/-(തനത് ഫണ്ട്)

പ്രൊജക്ട് പ്രകാരം ഗ്രാമപഞ്ചായത്ത് ഓഫീസിന്റെയും കൃഷി ഭവന്റെയും ഐ.എസ്.ഓ.സർവ്വയിലൻസ് ഓഡിറ്റ്-1 നടത്തിയതിന് TQ-Tata Projects Quality Services എന്ന സ്ഥാപനത്തിന് തനത് ഫണ്ടിൽ നിന്നും യഥാക്രമം 12500/-രൂപ, 11000/- രൂപ വീതം ആകെ 23,500/- രൂപ നൽകി. അവശേഷിച്ച 50,000/-രൂപ ഐ.എസ്.ഓ. റീസർട്ടിഫിക്കേഷൻ ഓഡിറ്റ്,സർവ്വയിലൻസ് ഓഡിറ്റ് എന്നിവയ്ക്ക് സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിനു കൺസൾട്ടൻസി സേവനം നൽകിയ ആർ.ആർ.അസ്സോസിയേറ്റ്സ് എന്ന സ്ഥാപനത്തിന്റെ ചീഫ് എക്സിക്യൂട്ടീവ് ശ്രീ.സി.രാജേന്ദ്രന് ആണ് നൽകിയത്.ചുവടെ ചേർക്കുന്നതു പ്രകാരമാണ് ടിയാന് തുക അനുവദിച്ചത്

1)കൃഷി ഭവന്റെ ഐ.എസ്.ഓ. സർവ്വയലൻസ് ഓഡിറ്റ്-1ന് കൺസൾട്ടൻസി ചാർജ്-10,000/-രൂപ

2)ആയുഷ്ട് ആയുർവേദ ഡിസ്പെൻസറിയുടെ ഐ.എസ്.ഓ. റീസർട്ടിഫിക്കേഷൻ ഓഡിറ്റിന് കൺസൾട്ടൻസി ചാർജ്-20,000/-രൂപ

3)ഗവ. ഹോമിയോ ഡിസ്പെൻസറിയുടെ ഐ.എസ്.ഓ. റീസർട്ടിഫിക്കേഷൻ ഓഡിറ്റിന് കൺസൾട്ടൻസി- ചാർജ്- 20,000/-രൂപ.

ഓരോ സ്ഥാപനവും കൺസൾട്ടൻസി സേവനങ്ങൾക്കായി ഏജൻസിയെ തെരഞ്ഞെടുക്കുവാൻ പ്രസിദ്ധീകരിച്ച ക്വട്ടേഷൻ നോട്ടീസുകൾ, സമർപ്പിച്ച മറ്റ് ക്വട്ടേഷനുകൾ എന്നിവ ഫയലിൽ ഇല്ല. ആയത് ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയില്ല. റീസർട്ടിഫിക്കേഷൻ ഓഡിറ്റ് കൺസൾട്ടേഷന 20,000/-രൂപയും ഓരോ സർവ്വയിലൻസ് ഓഡിറ്റ് കൺസൾട്ടേഷനും 10000/-രൂപ വീതവും നിരക്ക് നിശ്ചയിച്ചതിന്റെ മാനദണ്ഡം എന്താണെന്നും വ്യക്തമാക്കിയില്ല.

ഇൻകം ടാക്സ് ആക്ട്, 1961സെക്ഷൻ 194 J പ്രകാരം ഒരു വർഷം 30,000/-രൂപയ്ക്കു മുകളിലുള്ള പ്രൊഫഷണൽ സേവനങ്ങൾക്ക് 10% ടി.ഡി.എസ്. കിഴിവ് ചെയ്യണമെങ്കിലും അപ്രകാരം ചെയ്യാതെ ടിയാന് കൺസൾട്ടേഷന്റ് ചാർജിനത്തിലുള്ള മുഴുവൻ തുകയും നൽകി. അതായത് 2023-24 വർഷം തനത് ഫണ്ടിൽ നിന്നും ടിയാന് നൽകിയ ആകെ തുകയായ 50,000/-രൂപയുടെ 10%, 5000/-രൂപ PAN ലഭ്യമാക്കി ടി.ഡി.എസ്.ഇനത്തിൽ കുറവു ചെയ്യേണ്ടിയിരുന്നു. മേൽ വിഷയങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 26/12.8.24 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ടി.ഡി.എസ്.കുറവ് ചെയ്യുന്നതാണെന്ന് അറിയിച്ചു.

1-29 മെഡിക്കൽ ഓഫീസർ ചെലവഴിച്ച പ്രോജക്ടിന്റെ UTR സ്റ്റേറ്റ്മന്റ് ഹാജരാക്കാത്തത്.

പ്രോജക്ട് നം, പേര്	150/23-24, വൃക്ക രോഗികൾക്ക് ഡയാലിസിസ്
അടങ്കൽ	192000/- 1. 144000/- വികസന ഫണ്ട്(പൊതു വിഭാഗം) 2. 48000/- ജില്ലാ പഞ്ചായത്ത് വിഹിതം
ചെലവ്	97000/- 1. 62000/- വികസന ഫണ്ട് (പൊതു വിഭാഗം) 2. 35000/- ജില്ലാ പഞ്ചായത്ത് വിഹിതം
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. ചോറ്റാനിക്കര.

എ.പി.വർക്കി മിഷൻ, ലേക്ക്ഷോർ, ലിസി എന്നീ ആശുപത്രികളിലായി 4 രോഗികൾക്ക് ഡയാലിസിസ് ചെയ്യുന്നതിനായി ചോറ്റാനിക്കര പി.എച്ച്.സി മെഡിക്കൽ ഓഫീസർ മേൽ പ്രോജക്ട് പ്രകാരം തുക നല്കിയിട്ടുണ്ട്. എന്നാൽ തുക ആശുപത്രിയുടെ അക്കൗണ്ടിൽ ക്രഡിറ്റ് ആയത് പരിശോധിക്കുവാൻ ആവശ്യമായ UTR സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. UTR സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകയറിക്ക്(17/9.08.2024)മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ആശുപത്രിയുടെ അക്കൗണ്ടിൽ തുക നിക്ഷേപിച്ചത് ഉറപ്പാക്കാൻ UTR സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കോണ്ടതാണ്.

1-30 കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പിൽ നിന്നും വാഹനങ്ങൾക്ക് ഇൻഷുറൻസ് എടുക്കേണ്ടതാണ്

2023-24 വർഷം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുഴുവൻ വാഹനങ്ങളുടെയും ഇൻഷുറൻസ് പൊതുമേഖല ഇൻഷുറൻസ് സ്ഥാപനമായ യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസിൽ നിന്നുമാണ് എടുത്തിട്ടുള്ളത്. 07.8.21ലെ സർക്കുലർ നമ്പർ-ബി2/278/2019-ഗതാഗത വകുപ്പ്,സർക്കുലർ നമ്പർ02/2024/ധന, തീയതി 10.01.24 എന്നിവയിൽ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖല സ്ഥാപനങ്ങൾ/ബോർഡ്, കോർപ്പറേഷനുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളും തങ്ങളുടെ വാഹനങ്ങൾക്കുള്ള Comprehensive Insurance Policy, Act Only Policy With Legal Liability Coverage ഇവയിൽ ഏതെങ്കിലും ഒരെണ്ണം നിർബന്ധമായും കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പ് മുഖേന എടുക്കണമെന്നു നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിക്കാതെ പൊതുമേഖല ഇൻഷുറൻസ് കമ്പനിയിൽ നിന്നും വാഹനങ്ങൾക്ക് ഇൻഷുറൻസ് എടുത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 21/12.8.24 നമ്പർ ഓഡിറ്റ് എൻകയറിക്ക് തുടർന്ന് പുതുക്കുന്ന ഇൻഷുറൻസുകളും പുതിയതായി എടുക്കുന്ന ഇൻഷുറൻസുകളും കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പിൽ നിന്നു മാത്രം എടുക്കുന്നതാണെന്ന് അറിയിച്ചു.

1-31 പൊതു ടാപ്പുകളുടെ വെള്ളക്കരം സി.എഫ്.സി.ടൈഡ് ഗ്രാന്റ് ഉപയോഗിച്ച് അടവാക്കി-പ്രോജക്ട് റിവിഷനിൽ വെറ്റിംഗ് ലഭിച്ചില്ല

ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൊതു ടാപ്പുകളുടെ 2023 ഏപ്രിൽ മാസത്തെ വെള്ളക്കരം 219598/-രൂപ അടവാക്കുന്നതിന് സി.എഫ്.സി.ടൈഡ് ഗ്രാന്റ് വകയിരുത്തി 20/24 നമ്പർ പ്രോജക്ട് തയ്യാറാക്കുകയും 2023 ജൂൺ മാസം പ്രോജക്ടിന് വെറ്റിംഗ് ലഭിക്കുകയും ചെയ്തു. എന്നാൽ 219598/-രൂപയ്ക്കു പകരം 195000/-രൂപയാണ് വെള്ളക്കരം ഇനത്തിൽ ഇ ഗ്രാമസ്വരാജ് മുഖേന വാട്ടർ അതോറിറ്റിക്ക് വൗച്ചർ നമ്പർ P/54, തീ.09.10.23പ്രകാരം നൽകിയത്. വെള്ളക്കരം ഇനത്തിൽ അധിക തുക വകയിരുത്തുന്നതിനായി വാർഷിക പദ്ധതി ഭേദഗതിയിൽ ടി പ്രോജക്ട് ഉൾപ്പെടുത്തിയെങ്കിലും സി.എഫ്.സി.ടൈഡ് ഗ്രാന്റ് ഉപയോഗിച്ച് വെള്ളക്കരം അടവാക്കുന്നത മാർഗരേഖ പ്രകാരം അനുവദനീയമല്ല എന്ന കുറിപ്പോടു കൂടി വെറ്റിംഗ് ഓഫീസർ പ്രോജക്ട് തിരിച്ചയച്ചു. പ്രോജക്ടിൽ ഉൾപ്പെടുത്തി സി.എഫ്.സി.ഗ്രാന്റ് ബാങ്ക് അക്കൗണ്ടിൽ നിന്നും 195000/-രൂപ വാട്ടർ അതോറിറ്റിക്ക് നൽകിയ സാഹചര്യത്തിൽ സുലേഖ സോഫ്റ്റ്വെയറിൽ പ്രോജക്ട് ചെലവ് രേഖപ്പെടുത്തുന്നതിനായി ആയത് വെറ്റ് ചെയ്തു നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് വെറ്റിംഗ് ഓഫീസറായ എ.ഡി.പി.ക്ക് കത്തു

നൽകിയെങ്കിലും വെറ്റിംഗ് ലഭിക്കുകയോ പ്രൊജക്ടും പ്രൊജക്ട് ചെലവും സുലേഖയിൽ ഉൾപ്പെടുത്തുകയോ ചെയ്തില്ല. തന്മൂലം 2023-24 ലെ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പൂർണമല്ല. യഥാർത്ഥ പദ്ധതി ചെലവ് ആയത് പ്രതിഫലിപ്പിക്കുന്നില്ല. 195000/-രൂപയാണ് വെള്ളക്കരം ഇനത്തിൽ അടവാക്കിയതെങ്കിലും ഫയലിൽ സൂക്ഷിച്ചിട്ടുള്ള സാംഖ്യ ബിൽ പ്രകാരം 219598/-രൂപ വാട്ടർ അതോറിറ്റിയിൽ അടവാക്കിയതായി കാണിച്ചിരിക്കുന്നു. അടവാക്കാത്ത തുകയ്ക്കുള്ള സാംഖ്യ ബിൽ ജനറേറ്റ് ചെയ്ത് ഫയലിൽ സൂക്ഷിച്ചിരിക്കുന്നത് ശരിയായ നടപടിയല്ല.
മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ 22/12.8.24 നമ്പർ ഓഡിറ്റ് എൻകയറിക്ക് മറുപടിയായി ആടിയന്തിരമായി ജില്ല പ്ലാനിംഗ് ഓഫീസർക്ക് കത്തു നൽകുന്നതാണെന്ന് അറിയിച്ചു. പ്രൊജക്ടുകൾക്ക് അനുവദനീയമല്ലാത്ത ഫണ്ട് ഉപയോഗിക്കുന്ന പ്രവണത അവസാനിപ്പിക്കേണ്ടതാണ്.

1-32 കറവപ്പശുക്കൾക്ക് കാലിത്തീറ്റ - കരാർ പാലിക്കുന്നത്.

നിർവ്വഹണ ഉദ്യോഗസ്ഥൻ	വെറ്ററിനറി സർജൻ	
പ്രോജക്ട് നമ്പർ, പേര്	40/24, കറവപ്പശുക്കൾക്ക് കാലിത്തീറ്റ.	
അടങ്കൽ	432000/-(2,16,000/- വികസന ഫണ്ട്-ജനറൽ 216000/- ഗുണഭോക്തൃ വിഹിതം)	
ചെലവ്	₹ 13,24,80/-	
ടി.ആർ.എൻ നം.	241106000000001515/31.05.24	₹ 13,24,80/-

2023-24 സാമ്പത്തിക വർഷം 50 ക്ഷീരകർഷകർക്ക് പ്രതിമാസം 100 കി.ഗ്രാം വീതം മൂന്ന് മാസത്തേക്ക് കാലിത്തീറ്റക്ക് സബ്സിഡി നൽകുന്നതിനുള്ള പ്രോജക്റ്റാണിത്. ഇതു പ്രകാരം 46 ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം നടത്തിയതായി കാണുന്നു. ഇതിനായി കേരള ഫീഡ്സ് ലിമിറ്റഡുമായി 12.10.2023 ൽ ഏർപ്പെട്ട കരാർ (KFL/430/99(111)/7394/23 തീയതി.12.10.2023) കാലിത്തീറ്റയുടെ ഇറക്ക് കൂലിയും മറ്റ് അനുബന്ധ ചെലവുകളും വഹിക്കുന്നതിന് ചാക്ക് ഒന്നിനു 30/- രൂപ നിരക്കിൽ കാലിതീറ്റവിതരണത്തിന് കൈകാര്യച്ചെലവ് കേരള ഫീഡ്സിൽ നിന്നും ലഭ്യമാക്കും എന്ന് ഉണ്ട്. എന്നാൽ മേൽ തുക ലഭ്യമായിട്ടില്ലെന്ന് ഓഡിറ്റ് എൻകയറിക്ക് (നം 7/07.08.24) മറുപടിയായി അറിയിച്ചു. ആയത് ലഭ്യമാക്കാൻ വേണ്ട നടപടി കൈക്കൊള്ളണ്ടതാണ്.

1-33 സിസിടിവി ക്യാമറകൾ -നിരിക്ഷണം കാര്യക്ഷമമാക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനായി സിസിടിവി ക്യാമറകൾ സ്ഥാപിക്കുന്നതിനായി 21-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നം. 133/22 മാലിന്യ പരിപാലനം-സിസി ക്യാമറ സ്ഥാപിക്കൽ എന്ന പ്രോജക്ട് പ്രകാരം മാലിന്യം നിക്ഷേപിക്കാൻ സാധ്യത കൂടുതലുള്ള താഴെ പറയുന്ന പ്രദേശങ്ങളിൽ 376381/-രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവഴിച്ച് സിസി ക്യാമറ സ്ഥാപിച്ചിട്ടുണ്ട്.2022 ഫെബ്രുവരി മാസം മുതൽ ക്യാമറ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

1) അങ്കണവാടി വാർഡ് നം. 5
2) അശോക ഹോട്ടലിന്റെ പുറക് വശം വാർഡ്-4
3) നാഗപ്പാടി വാർഡ് 9
4) ചോറ്റാനിക്കര തിരുവാങ്കുളം റോഡിൽ യമഹ ഷോറൂമിന് സമീപം വാർഡ് -3
5) റിജോ ബേക്കറിക്ക് എതിർവശം (പ്രിയദർശിനി റോഡ്) വാർഡ് 2
6) ശാന്തി തീരം ശ്മശാനത്തിന് സമീപം വാർഡ് 10
7) പമ്പാ ഇലക്ട്രിക്കൽസിനു പിറകുവശം വാർഡ് 14
8) പമ്പാ ഇലക്ട്രിക്കൽസിനു സമീപം വാർഡ് 13
9) മഞ്ചക്കാട് വാർഡ് 11
10) കണിയാവള്ളി നമ്പൂരിശൻ റോഡ് വാർഡ് 1(2എണ്ണം)
11) കനാൽ റോഡ് വാർഡ്11
മാലിന്യം നിക്ഷേപിക്കുന്നത് പരിശോധിക്കുന്നതിനും ആവശ്യമായ

തുടർനടപടികൾ സ്വീകരിക്കുന്നതിനും ആരെയെങ്കിലും ചുമതലപ്പെടുത്തിയ വിവരങ്ങളൊന്നും ലഭ്യമായിട്ടില്ല. ക്യാമറയുടെ 24 X 7 നിരീക്ഷണം ഉറപ്പുവരുത്തുന്നതിനാവശ്യമായുള്ള ഇന്റർനെറ്റ് കണക്റ്റിവിറ്റി സംബന്ധിച്ച പ്രശ്നങ്ങൾ നിലനിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. മാലിന്യനിക്ഷേപം സംബന്ധിച്ച പരാതികൾ വരുന്ന ഘട്ടത്തിൽ ബന്ധപ്പെട്ട ക്യാമറ ദൃശ്യങ്ങൾ പരിശോധിക്കുന്നതിനുമപ്പുറം നീരിക്ഷണ ക്യാമറ വിഷ്വലുകളും ബാക്ക് അപ്പും കൃത്യമായും സമയബന്ധിതമായും പരിശോധിക്കപ്പെടുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തേണ്ടത അത്യാവശ്യമാണ്. കാലികപ്രസക്തമായ ഇത്തരം പദ്ധതികളുടെ നിർവ്വഹണം തുക ചെലവഴിക്കുന്നതിൽ ഒതുങ്ങാതിരിക്കുവാൻ കാര്യക്ഷമമായ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

1-34 റോഡ് കണക്ടിവിറ്റി മാപ്പിംഗ്

പ്രൊജക്ട് നമ്പർ	162/23
പ്രൊജക്ടിന്റെ പേര്	റോഡ് കണക്ടിവിറ്റി മാപ്പിംഗ്
നിർവ്വഹണോദ്യോഗസ്ഥൻ	അസി.എൻജിനീയർ
അടങ്കൽ	₹32240(വികസന ഫണ്ട്, പൊതുവിഭാഗം)
ചെലവ്	₹32240/-, 212/24, 27.03.2024

പഞ്ചായത്ത് പരിധിയിലെ റോഡുകൾ, ഡ്രെയിനേജുകൾ, കൾവർട്ടുകൾ തുടങ്ങിയവ ഉൾപ്പെടെയുള്ള ആസ്തികൾ R-Track മൊബൈൽ ആപ്പ് വഴി ട്രാക്ക ചെയ്ത ഡിജിറ്റൽ ഡാറ്റ തയ്യാറാക്കുന്നതിനായി വിഭാവനം ചെയ്തതാണ് മേൽ പ്രൊജക്ട്. 23-24വർഷം റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് പ്രോജക്ട് വെച്ചിട്ടുണ്ട്, ഇപ്രകാരം മൊബൈൽ ആപ്പ് വഴി മുഴുവൻ വാർഡുകളിലെയും ആസ്തികൾ ട്രാക്ക് ചെയ്തോയെന്ന വിവരം അറിയിക്കേണ്ടതാണ്. ശേഖരിച്ച ഡാറ്റ വാലിഡേറ്റ് ചെയ്ത് ഡിജിറ്റലൈസ് ചെയ്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. നിലവിലെ അവസ്ഥ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.9/8-8-24) മറുപടിയിൽ ഡിജിറ്റൽ ഡാറ്റാ പൂർത്തീകരിക്കുന്നതിന്റെ അവസാനഘട്ടം പണികൾ നടന്നുകൊണ്ടിരിക്കുകയാണെന്ന് അറിയിച്ചു. റോഡുകൾ, ഡ്രെയിനേജുകൾ, കൾവർട്ടുകൾ തുടങ്ങിയവ ഉൾപ്പെടെയുള്ള ആസ്തികൾ R-Track മൊബൈൽ ആപ്പ വഴി ട്രാക്ക ചെയ്ത ഡിജിറ്റൽ ഡാറ്റ തയ്യാറാക്കുന്നതിനാണ് സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. ഏതെല്ലാം ആസ്തികളാണ് R-Track മൊബൈൽ ആപ്പ് വഴി ട്രാക്ക ചെയ്തിട്ടുള്ളത് എന്ന് വ്യക്തമല്ല. R-Track വഴി തയ്യാറാക്കിയ ഡിജിറ്റൽ ഡാറ്റയുടെ വിശദാംശങ്ങൾ, റോഡ കണക്ടിവിറ്റി മാപ്പ് പൂർത്തിയാക്കിയതിന്റെ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ / തീയതി
2023-24 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്		

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക(₹)	പ്രൊജക്ടിന്റെ പേര്	ചെലവ്(₹)	നീക്കിയിരിപ്പ്
ബ്ലോക്ക് പഞ്ചായത്ത് 2023-24	5,73,076/-	15/24, ശാരീരീകവും മാനസികവുമായ വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	5,73,076/-	0
	2,30,000/-	29/24, ലൈഫ് ഭവനനിർമ്മാണം-പൊതുവിഭാഗം	2,30,000/-	0
	2,90,000/-	188/24, ലൈഫ് ഭവനനിർമ്മാണം-പട്ടികജാതി	2,90,000/-	0
	2,00,000/-	2/24, പാലിന് സബ്സിഡി	2,00,000/-	0
	2,08,637/-	180/24, അമ്പാടിമല ഹാൾ നവീകരണം	2,08,637/-	0
	15,000/-	58/24 പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക്	15,000/-	0
	24,000/-	60/24, തരിശ് നിലങ്ങളിലെ നെൽകൃഷി	24,000/-	0
	38,800/-	189/24, ലൈഫ് ഭവനനിർമ്മാണം-പട്ടികവർഗം	38,800/-	0
	97,000/-	265/24, ലൈഫ് ഭവനനിർമ്മാണം-പട്ടികവർഗം	97,000/-	0
	3,40,085/-	164/24, ചന്തപ്പറമ്പ് ഹാൾ നവീകരണം	3,40,085/-	0
	3,00,000/-	163/24, അങ്കണവാടി പൂർത്തീകരണം	3,00,000/-	0
	1,20,000/-	186/24, ഫർണിച്ചർ വാങ്ങൽ	1,20,000/-	
ആകെ	**24,36,598**		**24,36,598**	0
ജില്ലാ പഞ്ചായത്ത് 2023-24	2,88,000/-	55/24, സുഭിക്ഷസ്ഥിര നെൽകൃഷി	2,88,000/-	0

		കൂലിച്ചെലവ്		
	15,000/-	58/24 പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക്	15,000/-	0
	24,000/-	60/24, തരിശ് നിലങ്ങളിലെ നെൽകൃഷി	24,000/-	0
	35,000/-	150/24, ഡയാലിസിസ് ചികിത്സ സഹായം	35,000/-	0
	2,40,000/-	15/24, ശാരീരീകവും മാനസികവുമായ വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	2,40,000/-	0
	80,000/-	189/24 (S/o) ലൈഫ് ഭവനനിർമ്മാണം-പട്ടികവർഗം	80,000/-	
	3,60,000/-	29/24 ലൈഫ് ഭവനനിർമ്മാണം-ജനറൽ	3,60,000/-	
	6,00,000/-	188/24 ലൈഫ് ഭവനനിർമ്മാണം-പട്ടികജാതി	6,00,000/-	
	92,995/-	2/24 പാലിന് സബ്സിഡി	92,995/-	
	5,20,000/-	72/24 എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	5,20,000/-	
ആകെ	**22,54,995/-**		**22,54,995/-**	0

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ നം, തീയതി	മുൻകൂർ നല്കിയ തുക (₹)	ചെലവഴിച്ച തുക (₹)
കെ.എസ്.ഇ.ബി	മഹാത്മ കുടിവെള്ളപദ്ധതി-ഇലക്ട്രിക് കണക്ഷൻ 278/24	360/28.02.24	41,048/-	0
കേരള വാട്ടർ അതോറിറ്റി	ഉപയോഗപ്രദമല്ലാത്ത പൊതു ടാപ്പുകൾ വിച്ഛേദിക്കൽ - തുക നല്കൽ 27/24	62/16.06.23	4,00,000/-	0

ഇരു പ്രവൃത്തികളും പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ ലഭിച്ചതിന്റെയും തുക തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹)	തൻവർഷം ലഭിച്ച വായ്പ തുക (₹)	തൻവർഷം തിരിച്ചടച്ച തുക(₹)		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹)(മുതൽ)
				മുതൽ	പലിശ	
KURDFC ലോൺ		22,00,000	1,07,46,626	0		1,29,46,626/-
LIFE-ഹഡ്കോ ലോൺ		11,49,783	28,80,000	12,46,218/-		27,83,565/-
ആകെ		33,49,783	1,36,26,626	12,46,218/-		1,57,30,191/-

12,46,218/-രൂപയുടെ ചെലവ് വിവരങ്ങൾ

പ്രോജക്ട് നം./ പേര്	ചെലവ് (₹)
291/24, ലൈഫ് (ജനറൽ)	149406
294/24, ,,	149406
297/24, ,,	149403
292/24 , ലൈഫ് (എസ്.സി.പി)	266001
295/24, ,,	266001
298/24, ,,	266001
ആകെ	**1246218**

4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2002-03	3.5	2005-06	38.I	ജനകീയാസൂത്രണ പദ്ധതി ദുരുപയോഗം – (കിട്ടങ്ങയു ഒ.ഇ. എൻ റോഡ് പദ്ധതി)	നിലവിൽ ഫയൽ എൽ.എസ.ജി.ഡി.(ഡി എ) സെക്ഷന്റെ പരിഗണനയിലാണ്. കൂടാതെ ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള വ്യക്തി 09.6.2023 ൽ മരണപ്പെട്ടതിനാൽ നടപടികൾ അവസാനിപ്പിക്കുന്നതിന് ബഹു. സർക്കാരിനോട് ശുപാർശ ചെയ്തിട്ടുള്ളതുമാണ്.
2014-15	2.2	2016-17		തൊഴിൽ നികുതി	പിരിച്ചെടുത്തതായി അറിയിച്ചിട്ടുണ്ട്.

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	₹6,95,85,865.00

ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	₹5,53,42,571.00
വരവിനങ്ങളിലുള്ള നഷ്ടം	0
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	0
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	₹84,208.00

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നം	ഉത്തരവാദിയായ ഉദ്യോഗസ്ഥൻ	തുക (₹)
1-22	മഞ്ചു റോഷ്നി കെ കൃഷി ഓഫീസർ	4208/-
1-23	മഞ്ചു റോഷ്നി കെ കൃഷി ഓഫീസർ	80,000/-
	ആകെ	**84,208/-**

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഖ. 1-28 – ₹5000/- ആദായനികുതി ടി.ഡി.എസ്.
(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല.
(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

ക്രമ നമ്പർ	പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
1	മഞ്ചു റോഷ്നി കെ കൃഷി ഓഫീസർ	കൃഷി ഓഫീസർ ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത്	മെറിഡിയൽ ഹൗസ് കിങ്ങിണിമറ്റം.പി.ഒ. കോലഞ്ചേരി

4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1997-98	കെ.എസ്.എ.ഇ.കെ.എം(പി6)1638(i)/22, തീ. 02.05.2023
1998-99	കെ.എസ്.എ.ഇ.കെ.എം(പി6)1638(ii)/22, തീ. 02.05.2023
1999-2000	കെ.എസ്.എ.ഇ.കെ.എം(പി6)1638(iii)/22, തീ. 02.05.2023
2000-01	കെ.എസ്.എ.ഇ.കെ.എം(പി4)324/02, തീ. 30.07.2002
2002-03	കെ.എസ്.എ.ഇ.കെ.എം(പി4)13/05, തീ. 06.03.2006
2003-04 ചെലവ്	എൽ.എഫ്.ഇ.(പി6)1191/06, തീ.07.02.07
2004-05	എൽ.എഫ്.ഇ.(പി6)712/15, തീ. 18.02.16
2005-06	എൽ.എഫ്.ഇ.(പി6)712/15, തീ. 18.02.16
2006-07	എൽ.എഫ്.ഇ.(പി6)712/15, തീ. 18.02.16
2007-08	എൽ.എഫ്.ഇ.(പി6)1208/09, തീ. 16.03.10
2008-09	എൽ.എഫ്.ഇ.(പി6)2247/18, തീ. 04.05.2019
2009-10	കെ.എസ്.എ-ഇ.കെ.എം(പി6)1638(iv)/22, തീ. 02.05.2023
2010-11	കെ.എസ്.എ-ഇ.കെ.എം(പി6)608/2018, തീ. 31.08.18
2012-13	കെ.എസ്.എ-ഇ.കെ.എം.(പി6)1638(v)/22, തീ. 02.05.2023
2013-14	കെ.എസ്.എ-ഇ.കെ.എം.(പി6)1638(vii)/22, തീ. 02.05.2023

2014-15	കെ.എസ്.എ-ഇ.കെ.എം.(പി6)1638(vii)/22, തീ. 02.05.2023
2015-16	കെ.എസ്.എ-ഇ.കെ.എം(പി6)1638(viii)/22, തീ. 02.05.2023
2016-17	കെ.എസ്.എ.ഇ.കെ.എം(പി6)1638(ix)/22, തീ. 02.05.2023
2017-18	കെ.എസ്.എ-ഇ.കെ.എം(പി6)1638(x)/22, തീ. 02.05.2023
2018-19	കെ.എസ്.എ-ഇ.കെ.എം(പി6)1638(xi)/22, തീ. 02.05.2023
2019-20	കെ.എസ്.എ-ഇ.കെ.എം(പി6)184/2021, തീ. 26.08.2021
2020-21	കെ.എസ്.എ-ഇ.കെ.എം(പി6)1179/2021 തീ. 08.08.2022
2021-22	കെ.എസ്.എ-ഇ.കെ.എം(പി6)149/2023, തീ. 17.04.2023
2022-23	കെ.എസ്.എ-ഇ.കെ.എം(പി6)1463/2023, തീ. 02.12.2023

ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 2(1) dated 18-07-2024 and submitted on 18-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Chottanikara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Chottanikara Grama Panchayat as on 31-03-2024

Date: 04/10/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Chottanikara Grama Panchayat for the Year 2023-2024.

1.Major Observations

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.

2. Lack of Panchayath Raj Budget rules adversely affecting budgetary control system.

3. The asset value shown in Balance sheet is not traceable to Asset Register due to unsupported design of existing Asset Register

4. Non inclusion of Notes to Accounts in Financial statements and non disclosure of material facts.

2.Other Observations

1) According to the cash flow statement, "Net increase (decrease) in cash and cash equivalent" for the period 2023-24 is Rs.1,42,43,294/-. But in the same statement, "Net Cash Generated by Operating + Investing+ Financing Activity" is Rs.-55,59,940/- Although these two amounts should match as per accepted accounting standards, these amounts do not match in the cash flow statement provided.

2) Unemployment allowance of Rs 1440/- not included in AFS.

3) Prior period Income of Rs 50000/- in connection with SC house maintainance accounted in wrong head as Penalties and Fines.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്